Registered No. M-4485

Madras War Review { MALAYALAM / 17-12-1943 }

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിൻെറ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 ഡിസെമ്പർ 17-ാംനു, വെള്ളിയാഴ്ച [ലക്കം 16

## ശേഷമുള്ള പണി ചില്ലറയല്ല

സൈന്യങ്ങൾക്കു് സർവ്വശക്തിയോടും രക്ഷയോടുംകൂടി പട പുറപ്പെടുവാൻ തക്ക ഒരു വലിയ താവളമായിത്തീരുകയാണു് ഇന്ത്യയിൽ ഇനി നാം ചെയ്യേണ്ടുന്ന ഒരുക്കം. ഇതു് ചില്ലറ പണിയല്ല; നമ്മുടെ സർവ്വശക്തിയും ബുദ്ധിയും ഇതിലേക്കു പ്രയോഗിക്കേണ്ടതായും വരുന്നതാണു്.



ഐക്യകക്ഷികളുടെ ഉദ്യമങ്ങളിലെല്ലാം ഇന്ത്യ വഹിക്കുന്നതായ മാന്യസ്ഥാനത്തെപ്പററി ജാപ്പാൻകാർക്കു് നല്ലവണ്ണം അറിയാം. അതിനാൽ ഇന്ത്യ ചെയ്യുന്ന യുദ്ധപരിശ്രമങ്ങളെ കഴിയുന്നത്ര തടയുവാൻ ജാപ്പാൻകാർ ശ്രമിക്കാതിരിക്കയില്ല; അങ്ങിനെ ചെയ്താൽ ഒരു പക്ഷെ ഐക്യകക്ഷികളുടെ പടപുറപ്പാടു് ഇനിയും ദീർഘിക്കാനും, തങ്ങളുടെ സ്ഥിതി ബലപ്പെടുവാനും ഇടവരുമെന്നു് ജാപ്പാൻകാർ വിചാരിക്കുകയും ചെയ്യുന്നുണ്ടായിരിക്കാം.

കരവഴിയായോ, കടൽവഴിയായോ, ആകാശമാർഗ്ഗമായോ ഇന്ത്യയെ ആക്രമിക്കാനുള്ള ഒരു ഗൌരവപരിശ്രമം ചെയ്യത്തക്ക പ്രാപ്തി ജാപ്പാനുണ്ടെന്നു് എനിക്കു് തോന്നുന്നില്ല. കഴിഞ്ഞ കൊല്ലം ഇങ്ങിനെയൊരു ശ്രമം അവർ ചെയ്യേക്കാമായിരുന്നു; പക്ഷെ, അന്നു് അവർക്കുണ്ടായിരുന്ന സൌകര്യം അവർ അത്ര വകവെച്ചില്ല. ഇനിയും കഴിയുന്നത്ര നഷ്ടവും കഷ്ടവും നമുക്കു് വരുത്തികൂട്ടുവാൻ അവർ ശ്രമിക്കാതിരിക്കയില്ല; അവരുടെ വിമാനങ്ങൾക്കു് എത്തിച്ചേരാവുന്ന തുറമുഖങ്ങളിലും കടലോരങ്ങളിലും അവർ ആക്രമണം ഇനിയും നടത്തിയേക്കാം.

എന്നാൽ ഇത്തരത്തിലുള്ള ശത്രുബാധകൾകൊണ്ടു തങ്ങളുടെ ഉദ്ദിഷ്ടലക്ഷ്യം തെററിക്കുന്നതല്ലെന്നു് ഇന്ത്യക്കാർ മുമ്പും അടുത്തവസരത്തിലും തെളിയിച്ചിട്ടുണ്ടല്ലോ.

—ഇന്ത്യൻ സൈന്യനായകനായ ജനറൽ സേർ ക്ലാഡി ആച്ചിൻലക്ക്, ഡൽഹിയിൽനിന്നു ഡിസെമ്പർ 13-ാംനു ചെയ്ത ആകാശവാണി പ്രസംഗത്തിൻെറ ഒരു ഭാഗം തർജ്ജമ

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ശേഷമുള്ള പണി ചില്ലറയല്ല .. .. .. | 1 | ശോഭനമായ ഒരു ഭാവിക്കുവേണ്ടി ഒരു പ്രാർത്ഥന .. .. | 7 |
| വർത്തമാനച്ചുരുക്കം .. .. .. .. | 2 | കഥാപംക്തി : കൊട്ടങ്കാററ് .. .. .. | 8, 9, 10 |
| പ്രതിവാരചിന്തകൾ .. .. .. .. | 3, 4 | നമ്മുടെ രക്ഷക്കുവേണ്ടി നാം ചെലവു ചുരുക്കുക ജീവിച്ചിട്ടുവാൻ സാധിക്കാവൂ | 11 |
| പ്രത്യേക ലേഖനങ്ങൾ : മിത്രഭാവത്തിൻെറ റജിസ്റ്റ്, ഈഡൻ, സമുദായസൂക്തം .. .. | 5, 6 | 5,000 ക. ഇനാം .. .. .. .. | 12 |


# വർത്തമാനച്ചുരുക്കം

ഇന്ത്യയിലെ വൈസറോയി, വേവൽ പ്രഭു ഇപ്പോൾ ഒറീസ്സാ സംസ്ഥാനം സന്ദർശിച്ചുകൊണ്ടുള്ള സക്കീട്ടാണ്.

* * *

ഇംഗ്ലണ്ടിൽ പുതുതായി ഒരു തരം പനി ആരംഭിച്ചിരിക്കുന്നു. ഇതു രാജ്യം മുഴുവൻ പരന്നിരിക്കുന്നുവെന്നുമാത്രമല്ല, അനവധി ആളുകൾ മരിക്കുന്നുമുണ്ട്.

* * *

അമേരിക്കൻ ബോംബർ വിമാനങ്ങൾ ജർമ്മനിയിൽ ചെന്നു എംഡൻ എന്ന ഒരു സ്ഥലം ബോംബിട്ടു തകർത്തിരിക്കുന്നു. ജർമ്മൻ വിമാനങ്ങൾ 138 എണ്ണം നശിപ്പിക്കുകയും ചെയ്തു.

* * *

ഇക്കൊല്ലം ക്രിസ്തുമസ്സ് ദിവസം ചക്രവർത്തി തിരുമേനിയുടെ സാധാരണപോലുള്ള ആകാശവാണി പ്രസംഗം ഉണ്ടായിരിക്കുന്നതാണ്.

* * *

ബങ്കാളിൽ ഗവർണ്ണരായിരുന്ന സേർ ജോൺ ഹെർബെട്ട് കല്കത്തയിൽവെച്ചു ഡിഡെമ്പർ 12-ാം തിയ്യതി അന്തരിച്ചുപോയിരിക്കുന്നു. അദ്ദേഹം കഴിഞ്ഞ സെത്തെമ്പർമാസം മുതല്ക്കു കിടപ്പിലായിരുന്നു.

* * *

1943 ഡിസെമ്പർ 14-ാം തിയ്യതി നമ്മുടെ ബ്രിട്ടീഷ് ചക്രവർത്തി തിരുമേനിക്ക് 48 വയസ്സ് തികഞ്ഞു. യാതൊരാഡംബരങ്ങളും ആ ദിവസം ഉണ്ടായിട്ടില്ല. ഇതു സംബന്ധമായ ആഘോഷങ്ങളെല്ലാം നടത്തുന്നതു 1944 ജൂൻ മാസത്തിലായിരിക്കും.

* * *

1943 ഡിസെമ്പർ 13-ാം തിയ്യതി ഇന്ത്യയിലെ സൈന്യനായകൻ ഒരു റേഡിയൊ പ്രസംഗം ചെയ്തു. ജാപ്പാൻെറ നേരെയുള്ള യുദ്ധത്തിൽ ഐക്യകക്ഷിസൈന്യങ്ങൾക്കു ഇന്ത്യ ഒരു അടിസ്ഥാനമാണെന്നായിരുന്നു പ്രസംഗത്തിൻെറ പ്രധാന പ്രകൃതം.

* * *

ജർമ്മൻ സൈന്യനായകനായ ജനറൽ റോമൽ ഇപ്പോൾ യൂറോപ്പിൽ പലേടങ്ങളിലും സ്ഥാപിച്ചിട്ടുള്ള ജർമ്മൻ സൈന്യസങ്കേതങ്ങളെ പരിശോധിച്ചുകൊണ്ടു വരികയാണ്. ഐക്യകക്ഷികൾ എപ്പോഴാണ് യൂറോപ്പിൽ ആക്രമണം തുടങ്ങുന്നതെന്നുള്ളതറിയാതെ കാട്ടുന്ന പരിഭ്രമമാണിതു്.

* * *

തുർക്കിയുടേയും ബൾഗേറിയായുടേയും അന്യോന്യമുള്ള അതൃത്തിപ്രദേശം അടച്ചുകഴിഞ്ഞുവത്രെ. റഷ്യക്കും തുർക്കിക്കും ഇടയിലുള്ള രാജ്യമാണ് ബൾഗേറിയാ. ബൾഗേറിയായിൽ തുർക്കിയുടെ അതൃത്തിയിലായി ജർമ്മൻ സൈന്യങ്ങൾ ശേഖരിച്ചുവരുന്നുവെന്നും കേൾക്കുന്നു. ഇതിനെപ്പററി ഇനിയും സൂക്ഷ്മവിവരമില്ല.

* * *

ഏതു വിധത്തിലുള്ള സ്കീം പാസാക്കിയാലും ഇന്ത്യയിലെ ചെറിയ മടിശ്ശീലക്കാരാരും ഇന്ത്യാഗവർമ്മേണ്ടിൻെറ യുദ്ധഫണ്ടിൽ പണം നിക്ഷേപിക്കുന്നില്ലെന്നു കണ്ടു ഇപ്പോൾ ഗവർമ്മേണ്ടു ഒരുതരം കുറി 1944 ജനവരി 15-ാം തിയ്യതി മുതൽ ആരംഭിക്കാൻ പോകുന്നുവെന്നറിയുന്നു. ഇതു വിശേഷിച്ചും സാധനങ്ങളുടെ വിലകയററത്തെ തടയുവാൻവേണ്ടി ഏർപ്പാടു ചെയ്യുന്നതാണ്.

റഷ്യയും ചെക്കൊസ്ലാവേക്കിയായും തമ്മിൽ ഒരു സന്ധി ഡിസെമ്പർ 12-ാം തിയ്യതി ഒപ്പിട്ടിരിക്കുന്നു. ഈ സന്ധികൊണ്ടു ഈ രണ്ടു കോയ്മകളും തമ്മിലുള്ള മൈത്രീഭാവം മാത്രമല്ലാ രേഖപ്പെട്ടത്തീട്ടുള്ളൂ. അന്യോന്യം സഹായിപ്പാനും, യുദ്ധാനന്തരമുണ്ടാവുന്ന കാലത്തു അന്യോന്യം സഹകരിപ്പാനും ഇവർ തമ്മിൽ നിശ്ചയിച്ചിരിക്കുന്നു.

* * *

ഡിസെമ്പർ 13-ാം തിയ്യതി ആസാമിൽ ഉള്ള ഒരു അമേരിക്കൻ വിമാനത്താവളത്തിന്മേൽ ജാപ്പാൻ വിമാനങ്ങൾ വന്നു ബോംബിട്ടു. ശത്രുവിൻെറ ഏഴു വിമാനങ്ങൾ നശിക്കുകയും ചെയ്തു. വളരെ ചുരുക്കം നഷ്ടമെ വിമാനത്താവളത്തിന്നു പററിയുള്ളു. കൽക്കത്തയിൽ ഡിസെമ്പർ 5-ാം തിയ്യതിയുണ്ടായ വിമാനാക്രമണത്തിൽ 334 ആളുകൾ മരിച്ചുവെന്നാണ് മുനിസിപ്പാലിററി കണക്ക്.

* * *

ശത്രുവിന്നു ഒരിക്കലും ഇന്ത്യയെ ആക്രമിക്കാൻ സാധിക്കയില്ല. ഒരുപക്ഷെ മദിരാശി, കല്കത്ത, ചിററഗോങ്ങ് എന്നീ സ്ഥലങ്ങളിൽ ന്യൂസൻസ് കുററംചെയ്യുംപോലെ ഇവർ വല്ല വിമാനാക്രമണവും നടത്തിയേക്കാമെന്നേയുള്ളൂ. പക്ഷെ, അതു ആരേയും ഇന്ത്യയിൽ പരിഭ്രമിപ്പിക്കയില്ല ; എന്നാണ് മദിരാശി ഗവർണ്ണർ അടുത്തവസരത്തിൽ വിജയനഗരത്തിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പറഞ്ഞതു്.

* * *

ടിഹറാനിൽവെച്ചുണ്ടായ സമ്മേളനത്തിന്നുശേഷം മി. ചർച്ചിൽ ഈജിപ്തിൽ താമസിച്ചുകൊണ്ടു അവിടെയുള്ള പ്രമാണികളെയെല്ലാം സന്ദർശിച്ചുവരികയാണ്. യൂഗോസ്ലേവിയായിലെ രാജാവായ പീററർ ഇപ്പോൾ കെയിറോവിൽവെച്ചാണല്ലൊ അദ്ദേഹത്തിൻെറ ഭരണം നടത്തിവരുന്നതു്. അദ്ദേഹത്തേയും ഇറാക്കിലെ രാജാവായ എമീർ അബ്ദുള്ളാവിനേയും, ഈജിപ്തിലെ രാജാവായ ഫറൂക്കിനേയും മി. ചർച്ചിൽ സന്ദർശിച്ചു.

* * *

ശാന്തസമുദ്രരംഗത്തിൽവെച്ചു അധികം താമസിയാതെ ഒരു ഭയങ്കര യുദ്ധം നടക്കുമെന്നാണ് അമേരിക്കയുടെ കടൽസൈന്യവകുപ്പു സിക്രട്ടരി, കേണൽ നോക്സിൻെറ അഭിപ്രായം. ജാപ്പാൻെറ കപ്പൽ പടയും വിമാനപ്പടയും ഒട്ടധികം നശിക്കുകയും, ജാപ്പാന്നു ശാന്തസമുദ്രത്തിൽ ആധിപത്യം തീരെ ഇല്ലാതവുകയും ചെയ്തിരിക്കുന്നു. മാത്രമല്ല, അമേരിക്കൻ കപ്പൽപടയും, വിമാനപ്പടയും അതിഗംഭീരമായി ഈ രംഗത്തിൽ വളരുകയും, ഒരു ഭയങ്കര യുദ്ധത്തിന്നുള്ള ഒരുക്കങ്ങളെല്ലാം തെയ്യാറാവുകയും ചെയ്തിരിക്കുന്നു.

* * *

ജനറൽ സ്മട്ട്സ് ലണ്ടനിൽനിന്നു മടങ്ങി സൌത്താഫ്രിക്കയിൽ എത്തിയിരിക്കുന്നു. യുദ്ധസ്ഥിതിയെ സംബന്ധിച്ചു ഒരു പത്രപ്രതിനിധി അദ്ദേഹവുമായി ഒരഭിമുഖ സംഭാഷണം നടത്തിയതിൽ അദ്ദേഹം പറഞ്ഞതാണ്: "അമേരിക്കക്കാർ ഒരു മഹാപ്രളയംപോലെയാണ് യുദ്ധത്തിലേക്കു കയറിവരുന്നതു്. എന്നാൽ യുദ്ധം അത്രവേഗം അവസാനിക്കുമെന്നു തോന്നുന്നില്ല ; പക്ഷെ യുദ്ധസ്ഥിതി വളരെ തൃപ്തികരമായിട്ടുള്ളതാണ്. ഒന്നാമതായി, യൂബോട്ടുകൾ തൊലഞ്ഞുകഴിഞ്ഞു. രണ്ടാമതു ജർമ്മനിയിൽ പോയി നടത്തുന്ന ഐക്യകക്ഷികളുടെ ബോംബാക്രമണത്തിന്നു അതിഭയങ്കരമായ അനുഭവമാണ്. മൂന്നാമതു, റഷ്യൻ രംഗത്തിലുള്ള വിജയങ്ങൾ. നാലാമതു, മദ്ധ്യധരണി രണ്ടാമതും ഐക്യകക്ഷികളുടെ ഉപയോഗത്തിന്നു പ്രാപ്തമായിരിക്കുന്നു. ഈ സംഗതികളെല്ലാം യുദ്ധത്തിൽ തൃപ്തികരമായ അനുഭവങ്ങളാണ്.

# പ്രതിവാരചിന്തകൾ

നമ്മുടെ ചക്രവർത്തി തിരുമേനി ആറാം ജോർജ്ജിന്നു് ഡിസെമ്പർ 14-ാം തിയ്യതി നാല്പത്തെട്ടു വയസ്സു തികയുന്ന തിരുനാളായിരുന്നു. ബ്രിട്ടീഷു സാമ്രാജ്യം മുഴുവൻ കൊണ്ടാടുന്നതായ ഈ മഹോത്സവം വരുന്ന ജൂൻ മാസത്തിലെ കഴിക്കുന്നുള്ളുവെന്നാണു് തീർച്ചയാക്കിയതു്. ബ്രിട്ടീഷു സാമ്രാജ്യത്തിൽ കക്ഷിഭേദമില്ലാതെ, ജാതിമതവ്യത്യാസമില്ലാതെ സർവ്വ സഹൃദയങ്ങളിൽനിന്നും ദീർഘായുസ്സാശംസിക്കുന്നതിന്നു് പാത്രീഭവിക്കുന്ന വല്ലവരുമുണ്ടെങ്കിൽ അതു് നമ്മുടെ ചക്രവർത്ത തിരുമേനിയാണു്. അദ്ദേഹത്തിന്റെ കൃത്യനിഷ്ഠയും, ധർമ്മതല്പരതയും ഏതു് രാജവംശത്തിന്നും മാതൃകയാണു്; പ്രശംസാവഹവുമാണു്. ഇതു് ഇന്നത്തെ ചക്രവർത്തി തിരുമേനിയുടെയെന്നല്ല, അവിടുത്തെ വംശത്തിൽപെട്ട ആരുടെയും സ്വഭാവം ഇതുപോലെത്തന്നെയാണെന്നു് ചരിത്രം ഘോഷിക്കുന്നുണ്ടു്. ഇങ്ങിനെയുള്ള കീർത്തി പരമ്പരയായി വളരെ കാലം നിലനിന്നിട്ടുള്ളതു് ചരിത്രകാലത്തിൽ മററു വല്ലവർക്കുമുണ്ടോ എന്നു് സംശയമാണു്. പൌരാണികകാലത്തു് ഇങ്ങിനെയുള്ള കീർത്തി സൂര്യവംശത്തിനെ കേട്ടിട്ടുള്ളു.



ആറാം ജോർജ്ജ് ചക്രവർത്തി

## രഷ്യൻ യുദ്ധരംഗം

രഷ്യൻ യുദ്ധരംഗത്തിൽ കഴിഞ്ഞാഴ്ച, ജർമ്മൻ സൈന്യത്തിന്നു് അതിഗൌരവമായ രണ്ടു പരാജയങ്ങളുണ്ടായി. നാമങ്കാ, ചെർക്കാസി എന്ന രണ്ടു പട്ടണങ്ങളും രഷ്യൻ സൈന്യം ജർമ്മൻകാരുടെ വക്കൽനിന്നു പിടിച്ചെടുത്തു. ഇതു് രണ്ടും നീപ്പർ നദിയുടെ തീരത്തു് കുടുങ്ങിക്കിടക്കുന്ന ജർമ്മൻ സൈന്യത്തിന്റെ സ്ഥിതി ഏററക്കുറെ മോശമാക്കിയെന്നുമാത്രമല്ല, യൂക്രൈനിൽ അവർക്കുള്ള ക്ഷയിച്ച സ്ഥിതി പൂർവ്വാധികം ക്ഷയിപ്പിക്കുകയും ചെയ്യു. ഇത്തരത്തിലുള്ള പരാജയം ജർമ്മൻകാർക്കു നേരിട്ടുവെങ്കിലും കീവ് നഗരി രണ്ടാമതും കൈക്കലാക്കുവാൻ അവർ ചെയ്യുന്ന പരിശ്രമത്തിന്നു് യാതൊരു കുറവും കാണുന്നില്ല. ജർമ്മൻ സൈന്യങ്ങളും ഈ പരിശ്രമത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ കണക്കും ഊക്കും നോക്കുന്നപക്ഷം 1943 ൽ ഉണ്ടായ യുദ്ധങ്ങളിൽ ഏററവും ഗംഭീരമായ ഒന്നാമത്തെ യുദ്ധമാണിതെന്നു പറയാം. ഇത്ര ഗൌരവമായ മറെറാരു യുദ്ധം ഉണ്ടായിട്ടുള്ളതു് ഇതിന്നു മുമ്പു സ്റ്റാലിൻഗ്രാഡിൽ മാത്രമാണു്. ഇനിയും ഈ യുദ്ധത്തിന്റെ മൂർദ്ധ്നി എത്തീട്ടില്ലെന്നാണു് പറയുന്നതു്. ഒരു മാസമായി!

## വൈററ് രഷ്യ

രഷ്യൻ യുദ്ധരംഗത്തിന്റെ തെക്കെ ഖണ്ഡത്തിലെ സ്ഥിതിയാണു് ഇതെവരെ പറഞ്ഞതു്. വടക്കെ ഖണ്ഡത്തിൽ ഇപ്പോൾ യുദ്ധം നടക്കുന്നതു് വൈററ് രഷ്യൻ രംഗത്തിലാകുന്നു. വൈററ് രഷ്യ മുഴുവൻ പിടിച്ചു കഴിഞ്ഞാൽ രഷ്യൻ സൈന്യം പോളണ്ടിന്റെ അതൃത്തിയിൽ എത്തും. വൈററ് രഷ്യയിൽ ജർമ്മൻ സൈന്യസങ്കേതമായിരുന്ന സ്ഥലങ്ങളിൽ പ്രധാനമായ ഗോമൽ രഷ്യക്കാർ പിടിച്ചു് പ്രീപ്പററ് നദിയുടെ വടക്കെ തിരത്തുകൂടി പടിഞ്ഞാറോട്ടാണു് അവരുടെ യാത്ര. ഇനി വൈററ് രഷ്യയിൽ ജർമ്മൻ സൈന്യസങ്കേതമായിട്ടുള്ള സ്ഥലങ്ങളാണു് മാസർ, സ്ലോബിൻ, റോഗച്ചേവ്, മോഗിലേവ് എന്നീ സ്ഥലങ്ങളും. ഇതിൽ ഏററവും പ്രധാനമായ ജർമ്മൻ സൈന്യസങ്കേതം സ്ലോബിൻ നഗരിയാണു്. ഈ നഗരിയുടെ നേരെ രണ്ടു രഷ്യൻ സൈന്യങ്ങളും പുറപ്പെട്ടിട്ടുണ്ടു്. ഇതിന്റെ ഇന്നത്തെ സ്ഥിതിയും വളരെ അപകടത്തിലാകുന്നു. വൈററ് രഷ്യ കൈവശപ്പെടുത്തുന്നതോടുകൂടി പ്രസ്തുത രംഗത്തിലുള്ള രഷ്യൻ സൈന്യവും തെക്കൻ രംഗത്തിലുള്ള രഷ്യൻ സൈന്യവുംകൂടി ഒന്നിച്ചു ചേരുവാനുള്ള ശ്രമവും ഉണ്ടു്. അങ്ങിനെ ചെയ്യാൽ പടിഞ്ഞാറൻ യൂക്രൈനിന്റെ സ്ഥിതി അപകടത്തിലാകും.

## മലബാർ ഇംപ്രൂവ്മെൻറ് ട്രസ്റ്റ്

മലബാർ ഇംപ്രൂവ്മെൻറ് ട്രസ്റ്റ് എന്നു വെച്ചാൽ മലബാറിനെ പോഷിപ്പിക്കേണ്ടതിന്നുവേണ്ടി ശ്രമി

കരിക്കുന്ന ഒരു നിധിഭരണമെന്നാണ് അർത്ഥം. ഇന്നു എത്രയോ മെലിഞ്ഞ് ക്ഷയരോഗം പിടിച്ച ഒരാളുടെ പ്രകൃതിയാണ് മലബാറിന്റെതു്. എന്നാൽ ക്ഷയരോഗമൊന്നുമില്ല; ന്യായമായും, ആരോഗ്യപ്രദവും, പോഷകവുമായ ഭക്ഷണമില്ലാത്തതിന്റെ ലക്ഷണം മാത്രമാണ്. മലബാറിന്റെ ഒട്ടാകെ സ്വരൂപം ഇത്തരത്തിലാണെങ്കിലും, അവിടെയുള്ള നിവാസികൾക്കെല്ലാം പരക്കെ ഇതു് ബാധകമാണോ? ഒരിക്കലും അല്ല; ഉണ്ണാനുള്ള ഇല്ലത്തു് ജനിച്ച ഉണ്ണികളെ കണ്ടാൽ വേറെ അറിയാം. പക്ഷെ അവരുടെ എണ്ണം വളരെ ചുരുക്കം. ഒരു ശതമാനമുണ്ടോ എന്നു് സംശയം. അതുകൊണ്ടൊന്നും കാര്യമായില്ല. അഭിവൃദ്ധിയെ പ്രാപിച്ച ഒരു സമുദായത്തിന്റെ ലക്ഷണം അതിലുള്ള രണ്ടോ നാലോ ആളുകളെ കൊണ്ടല്ല എടുക്കേണ്ടതു്. ലോകത്തിലുള്ള മനുഷ്യസമുദായത്തെ മൂന്നു തരമായി ഭാഗിക്കാം. ആദ്യത്തേതു് ഏററവും ധനികൻ; മൂന്നാമത്തേതു് ഏററവും ദരിദ്രൻ. ഇതിന്നു് രണ്ടിന്നും ഇടയിലുള്ളവരാണ് ഇടത്തരക്കാർ. ഏതു സമുദായവും അഭിവൃദ്ധിയെ പ്രാപിച്ചതോ അല്ലയോ എന്നു് നിശ്ചയിക്കേണ്ടതു് സംതൃപ്തിയോടുകൂടി ജീവിക്കുന്ന ഇടത്തരക്കാരെക്കൊണ്ടാണ്. അങ്ങിനെയുള്ള ഇടത്തരക്കാരുണ്ടെങ്കിൽ പ്രസ്തുത സമുദായത്തിന്നു് സംതൃപ്തിയുണ്ടെന്നു് തീർച്ചയാക്കാം. മലബാറിൽ ഇന്നു് ഇല്ലാത്തതു് സംതൃപ്തിയോടുകൂടിയ ഇടത്തരക്കാരാണ്. മുമ്പു് മലബാറിൽ ഉണ്ടെന്നു് അഭിമാനത്തോടുകൂടി പറയാവുന്നതും ഈ ഇടത്തരക്കാരായിരുന്നു. സംതൃപ്തിയോടുകൂടിയ ഇടത്തരക്കാർ ഇല്ലാത്തതുകൊണ്ടാണ് മലബാർ വളരെ ശോഷിച്ച വേഷമായി കാണുന്നതു്. അതി ധനവാന്മാരായ പത്തോ പന്ത്രണ്ടോ കുടുംബങ്ങൾ ഉണ്ടെങ്കിൽതന്നെ അതു് സമുദായത്തിന്റെ ആരോഗ്യലക്ഷണമല്ല; ഒരു രോഗത്തിന്റെ ലക്ഷണമാണ്. അതി ധനവാന്മാരായ ചിലർ ഉള്ളതുകൊണ്ടാണ് അതി ദാരിദ്ര്യവും അതോടൊന്നിച്ച് കാണുന്നതു്. മലബാറിന്റെ ഇന്നത്തെ രോഗഛായ വിടണമെങ്കിൽ ആരോഗ്യപ്രദമായ ഭക്ഷണം ചെലുത്തണം. ഭക്ഷണമെന്ന പദം ഉപയോഗിച്ചതുകൊണ്ടു് വെറും ശാപ്പാടെന്നു തെററദ്ധരിക്കേണ്ടാ. കായികമായും മാനസികമായും ഉള്ള ഭക്ഷണം മലബാർ സമുദായത്തിന്നാവശ്യമാണ്. മലബാർ സമുദായത്തെ മനുഷ്യസമുദായത്തിൽ ഒരു പ്രത്യേക വ്യക്തിയാക്കിത്തീർക്കേണമെങ്കിൽ, മലയാളത്താൻ മതിരാശിയിലെ ഹോട്ടലുകളിൽ എച്ചിൽ വേലക്കുമാത്രം ഉള്ള ഒരാളല്ലെന്നു് അനുഭവത്തിൽ വരേണമെങ്കിൽ മലബാർ സമുദായം ഒരു സമുദായത്തിന്റെ ചൈതന്യത്തോടുകൂടി വർത്തിക്കണം. അങ്ങിനെ വർത്തിക്കുമാറാകേണമെങ്കിൽ തീർച്ചയായും അതു് ഒരു ഇംപ്രൂവ്മെന്റ് ട്രസ്റ്റ്കൊണ്ടേ സാദ്ധ്യമാകയുള്ളൂ.

## നാട്ടുപുറങ്ങളെ തെളിയിക്കുക

ഇത്തരത്തിലുള്ള ആരോഗ്യപ്രദമായ ഭക്ഷണം സമുദായത്തിന്നു നൽകുവാനാണ് അതിന്നു വേണ്ടിത്തന്നെ ഒരു നിധി ഭരണം ആരംഭിക്കേണമെന്നു് പറഞ്ഞതു്. മോശസ്ഥിതിയിൽ കിടക്കുന്ന പട്ടണങ്ങൾക്കു് ടൌൺ പ്ലാനിങ്ങ് സ്കീമും, ഇംപ്രൂവ്മെന്റ് ട്രസ്റ്റും നാം സാധാരണ കാണാറുള്ളതാണ്. സുഖജീവിതം, ആരോഗ്യപ്രദമായ ജീവിതം, പട്ടണവാസികൾക്കെ പാടുള്ളുവെന്നാരും വിധിച്ചിട്ടില്ലല്ലൊ. ഇതുവരെ അങ്ങിനെയുള്ള നഗരസ്ഥലങ്ങളെ പരിഷ്കരിക്കേണ്ട വഴികളെമാത്രമെ നാം കേട്ടിട്ടുള്ളുവെന്നല്ലെ? അതു സാരമില്ല; നഗരവാസികളുടെ ജീവിതം പരിഷ്കരിക്കുന്നപോലെത്തന്നെ നാട്ടുവാസികളുടെതും പരിഷ്കരിക്കാം. ഓരോന്നിന്റെയും വഴികളും, ആവശ്യങ്ങളും വ്യത്യാസപ്പെട്ടുവെന്നു വന്നേക്കാം. പ്രസ്തുത വ്യത്യാസമനുസരിച്ചുള്ള പരിഷ്കാരങ്ങൾ തന്നെയാണ് നാടുകളിൽ വരുത്തേണ്ടതു്. നല്ല നാട്ടുപുറത്തെ പരിഷ്കരിച്ച് ഒരു നഗരമാക്കേണമെന്നാരും ആവശ്യപ്പെടുന്നതല്ല. അങ്ങിനെ ചെയ്തിട്ടു യാതൊരു കാര്യവുമില്ല. എങ്കിലും നാട്ടുവാസികളുടെ ജീവിതവും മനുഷ്യജീവിതവുമാക്കിതീർക്കേണ്ടതു് അത്യാവിശ്യമാണ്. നഗരങ്ങളിൽ ഇംപ്രൂവ്മെന്റ് ട്രസ്റ്റുകളും, ടൌൺ പ്ലാനിങ്ങും ആവാമെങ്കിൽ, തീർച്ചയായും നാട്ടുപുറങ്ങളിലും ഇംപ്രൂവ്മെന്റ് ട്രസ്റ്റുകളും, കണ്ട്രി പ്ലാനിങ്ങും ആവിശ്യമാണ്. അങ്ങിനെ എവിടെയും ഉള്ളതായി കേട്ടിട്ടില്ലല്ലൊ എന്നു പറകയാണെങ്കിൽ, അങ്ങിനെ എവിടെയെങ്കിലും ഉള്ളതായി അന്വേഷിച്ചിട്ടുണ്ടോ? റഷ്യയിൽ നഗരങ്ങൾ പരിഷ്കരിച്ചപോലെത്തന്നെ നാട്ടുപുറങ്ങളെയും പോഷിപ്പിച്ചിട്ടുണ്ടു്. തന്മൂലം മനുഷ്യസമുദായത്തിന്നു് അവിടെ വന്നിട്ടുള്ള കരുത്താണ് ഇന്നു ജർമ്മന്റെ കുടൽമാല റഷ്യൻ യുവാക്കൾ ചൂടുവാനിടയാകുന്നതു്. റഷ്യയിൽ നാട്ടുപുറങ്ങളെ പോഷിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ചെയ്തുവെച്ചിരിക്കുന്നതെന്തെല്ലാമാണെന്നു് മറെറാരവസരത്തിൽ എഴുതുന്നതായിരിക്കും. ഈ ഘട്ടത്തിൽ ഒരു സംഗതി ഓർമ്മയിലിരുന്നാൽ മതി; നഗരങ്ങൾ നന്നാകുവാനുള്ള ഏർപ്പാടുകൾപോലെത്തന്നെ നാട്ടുപുറങ്ങൾ നന്നാകുവാനുള്ള ഏർപ്പാടുകളും ചെയ്യേണ്ടതാണ്. നാട്ടുപുറങ്ങളെ നന്നാക്കുന്ന കാര്യത്തിൽ എത്രയും സാഹസമായ ഉപേക്ഷകൾ നാം കാണിച്ചതുകൊണ്ടാണ് ഇന്നു മലബാറിലെ നാട്ടുപുറങ്ങളിലെന്നല്ല, ഇന്ത്യയിലെ നാട്ടുപുറങ്ങളിലൊട്ടാകേയും സഹിക്കാൻ വയ്യാത്ത ദാരിദ്ര്യം വന്നുചേർന്നിരിക്കുന്നതു്. ഈ സങ്കടാവസ്ഥക്കും, ഇന്ത്യയിലെ മററുകാര്യങ്ങളിലെന്നപോലെ ബ്രിട്ടീഷ് ഗവർമ്മേണ്ടിനെ കുററം പറഞ്ഞ് കഴിച്ചുകൂട്ടുന്ന നയം വിട്ടുകളയണം. ബ്രിട്ടീഷ് ഗവർമ്മേണ്ടു് ഒരിക്കലും ഇക്കാര്യത്തിൽ കുററക്കാരല്ല. നാട്ടുപുറത്തുവന്നു ജന്മസ്വത്തു് വാങ്ങി നഗരങ്ങളിൽ സ്ഥിരവാസംചെയ്യുന്ന നേതാക്കളാണ് നമ്മുടെ കൂട്ടത്തിലുള്ളതെന്നറിയാമോ?

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 ഡിസെമ്പർ 17-ാംനു, വെള്ളിയാഴ്ച


## മിത്രഭാവത്തിന്റെ റജിസ്ട്രി

റഷ്യയും ചെക്കോസ്ലോവേക്കിയായും തമ്മിൽ അന്യോന്യ മിത്രഭാവം ലക്ഷ്യമാക്കിക്കൊണ്ടു് 1943 ഡിസെമ്പർ 12-ാം തിയ്യതി ഒരു സന്ധി ഒപ്പിട്ടിരിക്കുന്നു. റഷ്യയെ സംബന്ധിച്ചേടത്തോളം ഈ സന്ധി അയൽവാസികളായ ചെറിയ കോയ്മകളെ തന്റെ മേൽനോട്ടത്തിൽ അന്യോന്യൈക്യഭാവത്തിൽ വരുത്തി അവരെ പ്രബലപ്പെടുത്തുവാനും തന്മൂലം ഭാവിയിൽ ജർമ്മനിയുടെ ആക്രമണബുദ്ധി യൂറോപ്പിന്റെ കിഴക്കോട്ടു് ബാധിക്കാതിരിക്കാനുമാണു്. എന്നാൽ റഷ്യക്കു് ഇക്കാര്യത്തിൽ ഒരുദ്ദേശം കൂടിയുണ്ടു്; യൂറോപ്പിന്റെ മദ്ധ്യപ്രദേശത്തും റഷ്യയുടെ പടിഞ്ഞാറൻ അതൃത്തിയിലും കിടക്കുന്ന ചെറിയ കോയ്മകൾ തമ്മിൽ യോജിച്ചു് റഷ്യയോടു് ധിക്കരിച്ചുകളയാമെന്നുവെച്ചു് ഭാവിയിൽ ഒരു കൂട്ടുചേരാനിടയുണ്ടെങ്കിൽ അതിനെ മുൻകൂട്ടിത്തന്നെ തടസ്ഥം ചെയ്യുകയും വെണമെന്നുണ്ടു്. ഇതു് യഥാർത്ഥത്തിൽ ഈ ചെറിയ കോയ്മകളെ റഷ്യ ഭയപ്പെടുന്നതുകൊണ്ടല്ല; ഇന്നത്തെപോലെ ഭാവിയിലെപ്പോഴെങ്കിലും യൂറോപ്പിലെ സമാധാനം അവതാളത്തിലാകരുതെന്നുവെച്ചാണു് റഷ്യ ഈ മുൻകരുതൽ എടുക്കുന്നതു്. ചെക്കോസ്ലോവേക്കിയായെ സംബന്ധിച്ചേടത്തോളം, ഈ സന്ധി ഏററവും ഔചിത്യത്തോടുകൂടിയുള്ളതായിയെന്നു് പറയാതെ കഴികയില്ല. കഴിഞ്ഞ യുദ്ധത്തിനുശേഷം ആസ്ട്രിയൻ സാമ്രാജ്യം ഖണ്ഡിച്ചു് അതിൽനിന്നുണ്ടാക്കിയ ഒരു പൊതുജനാധിപത്യഭരണസ്ഥാപനമാണു് ചെക്കോസ്ലോവേക്കിയായിലെ കോയ്മ. ജർമ്മനിയിൽ ഹിററ്ലറുടെ കീഴിൽ നാസികക്ഷികൾ പ്രബലതയിൽ വന്ന മുതൽക്കു് ഈ കോയ്മയെ ജർമ്മൻകാർ ആക്രമിക്കുമോ എന്നുള്ള ഭയം കലശലായിത്തുടങ്ങി. ജർമ്മനിയുടെ ആക്രമബുദ്ധിയെ ശങ്കിച്ചിരുന്ന മറെറാരു കോയ്മയാണു് റഷ്യ. അതിനാൽ ജർമ്മനിക്കു് പ്രതികൂലമായിട്ടുള്ള സർവ്വ കോയ്മകളും അന്യോന്യം കരാറുകൾ നടത്തിയിരുന്നപോലെ



മി. ആന്തൊണി ഈഡൻ

ത്തന്നെ റഷ്യയും ചെക്കോസ്ലോവേക്കിയായും തമ്മിൽ 1934 ലും, 1935 ലും ഓരോ കരാറുകൾ ഉണ്ടായി. വല്ല ശത്രുക്കളും താന്താങ്ങളെ ഉപദ്രവിക്കാൻവരുന്ന പക്ഷം ശത്രുപക്ഷത്തിൽ ചേരുകയില്ലെന്നും, അന്യോന്യം വേണ്ട സഹായസഹകരണങ്ങൾ ചെയ്യാമെന്നുമായിരുന്നു ഈ കരാറുകളിലെ നിശ്ചയങ്ങൾ. കൊല്ലം 1938 ൽ ചെക്കോസ്ലോവേക്കിയായെ ജർമ്മനി ആക്രമിച്ചപ്പോൾ കരാറുകളിലെ നിശ്ചയങ്ങൾക്കനുസരിച്ചു് റഷ്യ സഹായിപ്പാനൊരുക്കമായിരുന്നു. ഇങ്ങിനെയാണു് റഷ്യയും ചെക്കോസ്ലോവേക്കിയായും തമ്മിൽ ആദ്യം മുതൽക്കുള്ള . ഇന്നത്തെ കരാറുകൊണ്ടു് ഈ മൈത്രിയെ ഒന്നു പുതുക്കി പ്രബലപ്പെടുത്തിയെന്നു മാത്രമെ ഉള്ളു. യഥാർത്ഥത്തിൽ ഇവർ തമ്മിലുള്ള മൈത്രി ഭാവിയിൽ യൂറോപ്പിന്റെ കിഴക്കൻ പ്രദേശങ്ങളിലും മദ്ധ്യപ്രദേശങ്ങളിലും സമാധാനപരിപാലനത്തിന്നു് പര്യാപ്തമാകുന്നതായിരിക്കും.

---

## ഈഡൻ

ബ്രിട്ടീഷ് വിദേശകാര്യമന്ത്രി, മി. ആന്തൊണി ഈഡൻ ഡിസെമ്പർ 14-ാം തിയ്യതി ബ്രിട്ടീഷ് പാർലിമെണ്ടിൽവെച്ചു് യുദ്ധസ്ഥിതിഗതികളെപ്പററി സുദീർഘമായ ഒരു പ്രസംഗംചെയ്തു. ടിഹറാനിൽ വെച്ചും, കെയിറോവിൽവെച്ചു് രണ്ടു പ്രാവശ്യവും നടന്ന സമ്മേളനങ്ങളും, രാഷ്ട്രീയമായും, സൈനികമായും ഉള്ള അവയുടെ വ്യാപ്തിയുമായിരുന്നു പ്രസംഗവിഷയം. പ്രധാന മന്ത്രി മി. ചർച്ചിലിന്നു് സഭക്കു ഹാജരാവാൻ സാധിച്ചില്ല; അദ്ദേഹം കാര്യവശാൽ ഇപ്പോഴും മദ്ധ്യധരണിപ്രദേശത്തുനിന്നു് വിട്ടിട്ടില്ലെന്നാണു് കാണുന്നതു്. ജാപ്പാൻ, ബാൾക്കൻസ്, ഇററലി എന്നീ രാജ്യങ്ങളോടു ഐക്യകക്ഷികൾ ആചരിക്കുന്ന നയത്തെപ്പററി മി. ഈഡൻ പ്രസ്താവിച്ചു.

ഇതിൽ അടുത്ത ഭാവിയെ സംബന്ധിച്ചേടത്തോളം യൂറോപ്പിൽ നമ്മുടെ ദൃഷ്ടി സദാ പതിഞ്ഞിരിക്കേണ്ട ഒരു രാജ്യമാണ് യൂഗോസ്ലേവിയായെന്നു മി. ഈഡന്റെ പ്രസംഗത്തിൽനിന്നു് പ്രത്യക്ഷമാകുന്നു. ജർമ്മനി ക്രൂരശക്തികൊണ്ടു് പിടിച്ചൊതുക്കിയ രാജ്യങ്ങളിൽ നാസിശക്തിയെ ഇന്നും എതിർത്തുവരുന്ന ഒരു കോയ്മയാണ് യൂഗോസ്ലേവിയാ. ഇങ്ങിനെയുള്ള എതിർപ്പ് പ്രധാനമായി നടത്തുന്നതു് ജനറൽ ടൈററോ എന്ന ഒരു നേതാവും, അദ്ദേഹത്തിന്റെ കൂട്ടുകാരുമാണ്. ഇവരുടെ എണ്ണം സുമാറു് രണ്ടുലക്ഷത്തോളമുണ്ടു്. ഇവരുടെ എതിർപ്പിന്റെ ശക്തികൊണ്ടു് അനവധി ഡിവിഷ്യൻ ജർമ്മൻ സൈന്യം ഇന്നും യൂഗോസ്ലേവിയായിൽനിന്നു് യുദ്ധം ചെയ്യേണ്ടിവരുന്നു. ഈ കക്ഷിക്കു് വേണ്ടത്ര സഹായങ്ങളെല്ലാം ബ്രിട്ടൻ ചെയ്തുവരുന്നു. ബ്രിട്ടന്റെ ഒരു മിലിട്ടറി മിഷ്യൻ ഈ കക്ഷിയോടു സഹകരിച്ചുകൊണ്ടു് യൂഗോസ്ലേവിയായിൽ ഇപ്പോൾ ഉണ്ടു്. ഇതുപോലെതന്നെ റഷ്യയിൽനിന്നും ഒരു മിലിട്ടറി മിഷ്യൻ ഇവിടേക്കയക്കുവാനും തീർച്ചയാക്കിയിരിക്കുന്നു. ജനറൽ ടൈററോവിന്റെ കക്ഷിക്കാർ ജർമ്മൻകാരെ എതിർക്കുന്നുവെന്നുമാത്രമല്ല, ജർമ്മൻകാരുടെ കൈവശത്തിൽനിന്നു് പിടിച്ചെടുത്ത പ്രദേശത്തെല്ലാം ഒരു തല്ക്കാലിക ഭരണവും ഏർപ്പെടുത്തിയിരിക്കുന്നു. ഈ ഭരണം പൊതുജനാധിപത്യഭരണമാണ്. ഒരു പ്രതിനിധി സഭയും പ്രസിഡണ്ടും മററുമെല്ലാമുണ്ടു്. യുദ്ധം കഴിഞ്ഞു യൂഗോസ്ലേവിയായിലെ പൊതുജനങ്ങൾ തങ്ങൾക്കു് വേണ്ട ഭരണയന്ത്രം രൂപീകരിക്കുന്നതുവരെ മാത്രമെ ഈ ഭരണം നടക്കുകയുള്ളുവെന്നാണ് മി. ഈഡൻ പറഞ്ഞതു്. ഈ ഭരണം നടക്കുന്ന ഈയവസരത്തിൽ തന്നെ യൂഗോസ്ലേവിയായിലെ രാജാവായ പീററരുടെ ഒരു ഭരണം ഈജിപ്റ്റിൽ കെയിറോവിൽവെച്ചു നടത്തിവരുന്നു. രാജാവു ജർമ്മൻ ആക്രമണം തുടങ്ങിയപ്പോൾ രാജ്യത്തുനിന്നു് ഓടിപ്പോയാളാണ്; ഐക്യകക്ഷികളുടെ ബന്ധുവാണ്. മി. ഈഡന്നു് അത്യന്തം ദയാബുദ്ധിതോന്നീട്ടുള്ള ഒരു ലഗ്നവുമാണ്. പീററർരാജാവു കെയിറോവിൽനിന്നു് യൂഗോസ്ലേവിയായിലെ ഭരണം നടത്തുന്നതു് ജനറൽ മഹിലോവിച്ചു് എന്നാൾ മുഖാന്തരമാണ്. ഈ ജനറലും കക്ഷിയും ജർമ്മൻകാർക്കനുകൂലിച്ചുകൊണ്ടുള്ളവരാണെന്നാണ് ജനറൽ ടൈററോവും കക്ഷിയും ആക്ഷേപിക്കുന്നതു്. എന്നാൽ യൂഗോസ്ലേവിയായിൽ അന്തച്ഛിദ്രം എത്രയുണ്ടെങ്കിലും അവക്കു ജർമ്മൻകാരോടുള്ള വിരോധത്തിന്നു് വലിയ ശക്തിയായിട്ടുണ്ടു്. പോരെങ്കിൽ യൂഗോസ്ലേവിയായുടെ കടലോരമായ ഡാൽമേഷ്യ എന്ന പ്രദേശം ജനറൽ ടൈററോവിന്റെ കക്ഷിയുടെ കൈവശം വരികയും ചെയ്തിരിക്കുന്നു. ഐക്യകക്ഷികൾ യൂറോപ്പിൽ അടുത്ത ഭാവിയിൽ ആരംഭിക്കാൻപോകുന്ന ആക്രമണങ്ങളിൽ ഒന്നു് യൂഗോസ്ലേവിയായിലായെന്നു് വന്നാൽ അതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല.

---

## സമുദായ സൂക്തം

യുദ്ധം കഴിഞ്ഞുണ്ടാകുന്ന ലോകത്തിൽ ആചരിക്കേണ്ടതായ മനുഷ്യ സമുദായ ജീവിതരീതിയെപ്പററി അശ്രാന്തചിന്ത ചെയ്തുകൊണ്ടു് എത്ര എത്ര സമുദായസ്നേഹികളാണ് സപ്തസാഗരങ്ങളുടെ തീരങ്ങളിലും ഇന്നു ജീവിക്കുന്നതെന്നറിയാമൊ? അവർ ഇതേവരെചെയ്ത ആലോചനകളുടെ ഫലമായി കണ്ടുപിടിച്ചിട്ടിട്ടുള്ള ഒരു മഹാസൂക്തം ആററിക്കുറുക്കി ഒഴക്കാഴക്കാക്കി നോക്കിയാൽ കാണുന്നതുള്ളതു പരസ്പരസഹായ സൂക്തമാണ്. രാഷ്ട്രങ്ങളും കോയ്മകളും അന്യോന്യബന്ധം സ്ഥാപിക്കുന്നതു് ഈ സൂക്തം അടിസ്ഥാനപ്പെടുത്തിയാകേണമെന്നപോലെതന്നെ മനുഷ്യവ്യക്തികളും അന്യോന്യ ബന്ധം ഇതിന്മേൽ സ്ഥാപിച്ചുവേണമത്രെ ജീവിക്കാൻ! നായർ, നമ്പൂതിരി, മാപ്പിള, ക്രിസ്ത്യൻ എന്നുള്ള വ്യക്തിത്വം വിട്ടു, പാ[illegible]ാട്ടെ, കാരാട്ടെ, താരാട്ടെ, എന്നുള്ള തറവാട്ടു വ്യക്തിത്വം വിട്ടു, അതാതു പ്രദേശത്തു സഹചാരകന്മാരായി, സഹജീവികളായി വർത്തിക്കുന്ന പത്തോ, നൂറോ, ഇരുനൂറോ ആളുകൾ ചേർന്നു്, പരസ്പരസഹായ തത്വത്തിന്മേൽ ഒരു സമുദായം സ്ഥാപിച്ചുവേണമത്രെ ഇനി ജീവിക്കാൻ. ഇതിനെ കൊപ്പറേററീവ് കൊളനൈസേഷൻ എന്നഭിധാനം ചെയ്യുന്നു; ഇതിന്നു മാതൃക ഡൻമാർക്കിലൊ, അയർലാണ്ടിലൊ, സ്വിററ്സർലാണ്ടിലൊ എങ്ങാണ്ടോ ഉണ്ടത്രെ. ഇങ്ങിനെയുള്ള സമുദായ നടത്തിപ്പിന്നു നിയമവും മററും ഉണ്ടാകുമത്രെ. ഇതു ലോകത്തിൽ എല്ലാ ദിക്കിലും നടപ്പാകുമെങ്കിൽ മലബാറിലും നടപ്പാകാതെ നിവൃത്തിയില്ലല്ലൊ. പക്ഷെ മലബാറിൽ ഇത്തരത്തിലുള്ള ഒരു സമുദായം സ്ഥാപിക്കേണ്ടിവരുന്ന ഘട്ടത്തിൽ കൂടി നമ്മുടെ പഴയ തറവാട്ടുസമ്പ്രദായത്തെപ്പററി, ഒരു മാതൃകയുടെ നിലക്കെങ്കിലും, ചിന്തിക്കുന്നതിൽ എന്താണ് തെററ്? ഈ തറവാട്ടുസംപ്രദായത്തെ പൊളിച്ചുകളഞ്ഞു്, കണ്ടമാനം നശിപ്പിച്ചുകളഞ്ഞതിന്നുശേഷം, അതിന്റെ തേജസ്സൊഴികെ മററു ചിഹ്നങ്ങൾ മാത്രം നിലനിർത്തിക്കൊണ്ടുള്ള മറെറാരു മാതൃക നമുക്കനുകരിക്കേണ്ടിവരുന്നതിൽപരം ഹാസ്യജനകമായ മറെറന്തൊന്നാണുള്ളതു? തറവാട്ടു് എന്നുള്ള പേർ പറയുന്നവരെ തൂക്കിക്കൊല്ലേണമെന്നു പറയുന്ന ചിലർ കൂടി ഇന്നും ജീവിച്ചിരിക്കുന്നുവെന്നുള്ളതിൽപരം സങ്കടകരമായി മറെറന്തൊന്നാണുള്ളതു്!

# ശോഭനമായ ഒരു ഭാവിക്കു വേണ്ടി

(ഡിസ്ട്രിക്റ്റ് ഓർഗനൈസർ അയച്ചുതന്നതു്)

മലബാറിൽ ദേശീയ സമര മുന്നണി നടത്തുന്ന പരിശ്രമങ്ങളിൽ ചിലതിനെപ്പററി ഇതിന്നു മുമ്പ് എഴുതുകയുണ്ടായല്ലോ. ദേശീയ സമരമുന്നണിയുടെ ഈദൃശ പരിശ്രമങ്ങളിൽ പ്രഥമ ഗണനീയമായിരിക്കുന്നതു ഒരു തരത്തിൽ നോക്കിയാൽ, വിജ്ഞാനപ്രചരണമാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല. ഇന്നു എത്ര വളരെ പിന്നാക്കം നില്ക്കുന്ന കുഗ്രാമങ്ങളിൽ ചെന്നാലും ജനങ്ങളുടെ സംസാരവിഷയങ്ങളിൽ ഒന്നാം സ്ഥാനം പിടിക്കുന്നതു യുദ്ധസ്ഥിതിയാണ്. അധികവും അക്ഷരജ്ഞാനമില്ലാത്ത ആളുകളാണല്ലോ നമ്മുടെ ഗ്രാമീണർ. അവരുടെ ഇടയിൽ പത്രങ്ങൾക്കു പ്രചാരമില്ലാത്തതിൽ അത്ഭുതപ്പെടാനുമില്ല. എന്നാലോ യുദ്ധസ്ഥിതി അറിയാനുള്ള ജിജ്ഞാസയും താല്പര്യവും അവക്കു ഒട്ടും കുറവല്ലതാനും. ഇങ്ങിനെയുള്ള അനേക സഹസ്രം ജനങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽ ഇന്നു ദേശീയ സമര മുന്നണിപ്രചാരകന്മാർ വഴിക്കു യഥാർത്ഥമായ യുദ്ധവർത്തമാനങ്ങൾ അറിയുകയും അതോടൊന്നിച്ചു ചരിത്രപരവും ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ വിജ്ഞാനം നേടുകയും ചെയ്യുന്നു.

## വാർത്താവിതരണം

പണ്ഡിതന്മാരെന്ന ഭാവേന അവനവന്റെ സരസ്വതീവിലാസം പോലെ യുദ്ധസ്ഥിതികളെ വിവരിച്ചും വ്യാഖ്യാനിച്ചും നടന്നിരുന്ന ചില ആക്ഷാഢഭൂതികളെയായിരുന്നു ദേശീയ സമര മുന്നണിയുടെ ആവിർഭാവത്തിന്നു മുമ്പു നമ്മുടെ ഗ്രാമീണർ വാർത്തകളറിയുന്ന കാര്യത്തിൽ ആശ്രയിച്ചിരുന്നതു്. ഇന്നും അത്തരം "വാർത്താവിതരണക്കാർ" ധാരാളമുണ്ടു്. അവരുടെ വിവരണങ്ങളും വ്യാഖ്യാനങ്ങളുമാണെങ്കിൽ പരാജയബോധം വളർത്തുകയും ആത്മവിശ്വാസം നശിപ്പിക്കുകയും ചെയ്യാനല്ലാതെ, അധിക സംഗതിയിലും, മറെറാന്നിന്നും ഉപകരിക്കുകയുമില്ല. എന്നാൽ ദേശീയ സമര മുന്നണി പ്രവർത്തകന്മാർ, ഏതാണ്ടു് ഒരു തരം തീർത്ഥാടനക്കാരെപ്പോലെ ഇന്നു മലബാറിലെ ഓരോ ഗ്രാമത്തിലും ഇടക്കിടെ എത്തിച്ചേരുന്നു. ഗ്രാമീണരെ ഒരു സ്ഥലത്തു വിളിച്ചു കൂട്ടി യുദ്ധസ്ഥിതി—അതും ഏററവും പുതിയ വർത്തമാനങ്ങളെ—അശേഷം അസത്യത്തിന്റെ കലർപ്പുകൂടാതെ വിവരിച്ചുകൊടുക്കുന്നു. യുദ്ധരംഗങ്ങൾ ഏതെന്നു മനസ്സിലാക്കി കൊടുക്കുവാൻ ഉതകുന്ന വിധത്തിൽ ഭൂപടങ്ങൾ കാണിച്ചു ആ സ്ഥലങ്ങളുടെ കിടപ്പും പൂർവ്വസ്ഥിതിയും ഇപ്പോഴത്തെ നിലയും വിവരമായി പറഞ്ഞുകൊടുക്കുന്നു. ഗ്രാമീണർ അവരുടെ സംശയങ്ങൾ ചോദിക്കുന്നു. അവക്കു ശരിയായി മറുപടികൾ നല്കി ബോധ്യമുണ്ടാക്കികൊടുക്കുന്നു. ഈ വിധത്തിൽ ജനതാമദ്ധ്യേ ശുഭാപ്തിവിശ്വാസവും ആത്മവിശ്വാസവും വളർത്തുന്നതോടൊപ്പം വിജ്ഞാനപ്രചരണവും മലബാറിലെ ദേശീയ സമരമുന്നണി പ്രവർത്തകന്മാർ നടത്തുന്നു. ജിറോമീറിൽനിന്നു റഷ്യൻ പട ഒഴിച്ചു എന്നോ, ലീറോസ്, സാമോസ്, കോസ് മുതലായ ദ്വീപുകളിൽ നിന്നു സഖ്യ സൈന്യങ്ങൾ ഒഴിച്ചുവെന്നോ ഉള്ള വർത്തമാനങ്ങളെ, ഉറുമ്പിനെ ആനയാക്കി ചിത്രീകരിക്കുംപോലെ നമ്മുടെ ഗ്രാമീണരുടെ ഇടയിൽ ഭയങ്കരമാക്കി കാണിക്കാൻ ഉത്സാഹിച്ചാൽ ഇന്നു അത്രവേഗത്തിൽ അതു വിലപ്പോകുകയില്ലെന്നായിട്ടുണ്ടു്.

അതിഭയങ്കരമായി മാറിക്കൊണ്ടിരിക്കുന്ന കാലസ്ഥിതിയെ അചഞ്ചലമായ മനക്കരുത്തോടുകൂടി നേരിടുവാനുള്ള പാടവം ജനങ്ങളിലുണ്ടാക്കുന്ന വിഷയത്തിലും ദേശീയ സമര മുന്നണി മലബാറിൽ ചെയ്യുന്ന ശ്രമങ്ങൾ നിസ്സാരങ്ങളല്ല. ആഹാരസാധനങ്ങളുടെയോ മററു സാമാനങ്ങളുടെയോ, വിലക്കയററം ദൌർല്ലഭ്യം മുതലായവ നിമിത്തം ജനങ്ങൾക്കു നേരിടുന്ന കഷ്ടപ്പാടുകൾക്കു തല്ക്കാലനിവൃത്തിയുണ്ടാക്കികൊടുക്കുന്നതിന്നു വേണ്ടപ്പെട്ട അധികാരസ്ഥന്മാരെ യഥാവസരം ദേശീയസമര മുന്നണി പ്രവർത്തകന്മാർ വിവരം അറിയിക്കുകയും ആ വിധത്തിൽ ജനങ്ങളെ സഹായിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രം അവർ സംതൃപ്തരായിരിക്കുന്നില്ല. ആവക ക്ലേശങ്ങൾക്കു ശാശ്വതമായ പരിഹാരം ഉണ്ടാക്കുവാനുള്ള മാർഗ്ഗങ്ങളെ അവർ ജനങ്ങൾക്കു ചൂണ്ടികാണിച്ചുകൊടുക്കുകയും ആ വഴിക്കു പരിശ്രമിക്കുന്നതിന്നു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

ഭക്ഷ്യോല്പാദനം സംബന്ധിച്ചു ഗവർമ്മേണ്ടു ഇപ്പോൾ ചെയ്തു വരുന്ന ശ്രമങ്ങൾ വിജയത്തിൽ കലാശിക്കുകയാണെങ്കിൽ അടുത്ത ഭാവിയിൽ തന്നെ മലബാർ ആഹാരസാധനങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തയും സ്വാശ്രിതയും ആയിതീരുമെന്നുള്ളതിൽ സന്ദേഹമില്ല. താല്ക്കാലികമായിട്ടാണെങ്കിലും റവന്യൂ വകുപ്പിൽനിന്നു സൌജന്യമായി ഭൂമികൃഷി ചെയ്യാൻ കർഷകന്മാർക്കു ഏല്പിച്ചുകൊടുക്കുന്നു. കൃഷി ഡിപ്പാർട്ടുമെണ്ടിൽനിന്നു അർഹരായ സാധു കർഷകന്മാർക്കു വിത്തും വളവും സൌജന്യമായോ കടമായോ കൊടുക്കുന്നു. പരസ്പര സഹായ ഡിപ്പാർട്ടുമെണ്ടിൽനിന്നും കാർഷികോപകരണങ്ങളും കന്നും വാങ്ങുവാൻ പണം കടം കൊടുക്കുന്നു. പുറമെ റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും കടം കൊടുക്കുന്നു. ഈ വക സൌജന്യാനുകൂല്യങ്ങളെ ഉപയോഗപ്പെടുത്തി മലബാറിനെ അതിന്റെ പൂർവ്വീകമായ സമ്പൽസമൃദ്ധിയിലെത്തിക്കുവാൻ ദേശീയ സമര മുന്നണിപ്രവർത്തകന്മാർ ദേശംതോറും ചെന്നു നിരന്തരം ജനങ്ങളെ ഉൽബോധിപ്പിക്കുകയും അവ കരസ്ഥമാക്കുന്ന വിഷയത്തിൽ കഴിയുംപ്രകാരമെല്ലാം അവർ ജനങ്ങളെ സഹായിക്കുകയും ചെയ്യുന്നു.

## പട്ടാളക്കാരുടെ കുഡുംബങ്ങൾക്കു്

രാജ്യരക്ഷക്കു വേണ്ടി യുദ്ധപരിശ്രമം നേടി സൈന്യസേവനം ചെയ്യുന്ന നമ്മുടെ പട്ടാളക്കാരുടെ കുടുംബക്ഷേമവും ഭാവിഗുണവും സുരക്ഷിതമാകുന്ന വിഷയത്തിലും ഗവർമ്മേണ്ടു കാണിക്കുന്ന ശ്രദ്ധ അതിപ്രധാനമാകുന്നു. പട്ടാളക്കാരുടെ കുടുംബങ്ങൾക്കു ഗവർമ്മേണ്ടിൽനിന്നു നല്കിവരുന്ന ഏതാനും ആനുകൂല്യങ്ങളെ ഇതിന്നു മുമ്പ് പ്രസ്താവിക്കുകയുണ്ടായല്ലോ. അവക്കു വൈദ്യസഹായം സൌജന്യമായി ലഭിക്കുവാൻ വേണ്ടതായ ഏർപ്പാടുകൾ ഗവർമ്മേണ്ടു ചെയ്തിട്ടുണ്ടു്. എന്നാൽ അതിലെല്ലാം സ്ഥായിയായി ഭാവിക്ഷേമത്തെ സുരക്ഷിതമാക്കുവാൻ ഉതകുന്ന ഏർപ്പാടാകുന്നു വിദ്യാഭ്യാസവിഷയത്തിൽ പട്ടാളക്കാരുടെ സന്താനങ്ങൾക്കു കൊടുത്തുവരുന്ന സൌജന്യങ്ങൾ. ഹൈസ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പട്ടാളക്കാരുടെ സന്താനങ്ങൾക്കു ഫീസ് ഒഴിവാക്കിക്കൊടുക്കുന്നു. പുറമെ പുസ്തകങ്ങളും മററുപകരണങ്ങളും വാങ്ങുവാൻ പണവും കൊടുക്കുന്നു. ഈ ആനുകൂല്യം ഉന്നത വിദ്യാഭ്യാസം സംബന്ധിച്ചുമാത്രമല്ല, പ്രാഥമിക വിദ്യാഭ്യാസം സംബന്ധിച്ചും നല്കിവരുന്നു. ഇതന്റെയെല്ലാം ഫലമായി ക്രമേണ വിദ്യാസമ്പന്നമായ ഒരു സമുദായം ഇന്നത്തെ നമ്മുടെ യോദ്ധാക്കളുടെ സന്താനങ്ങളിൽനിന്നു ഉയർന്നുവരുമെന്നും അതോടെ നമ്മുടെ ജന്മദേശം മഹനീയവും അഭിമാനകരവുമായ ഒരു ദശയെ പ്രാപിക്കുമെന്നും ഉള്ളതു നിശ്ചയമാകുന്നു.

## ഒരു പ്രാർത്ഥന

(കോലടിപ്പാട്ടു്)

അണിയണിയണിയുന്നണിമാവോടും
മനസിഹിതം മമനല്കുകദേവീ

സരസിജഭവസുതയാം ഗീർവാണി
പരിചിനൊടുരുവരമേകുകമേനീ.

കളിയിതുപാരം കോലിമകൂടി-
ത്തെളിയണമമ്മേ തൊഴുന്നേൻ ചരണം.

വിഘ്ന്നേശ്വര തവലീലകളേതും
വിഘ്നം ഞങ്ങളിലുണ്ടാക്കരുതെ

താളസ്ഥിതിയിൽ കോലിടറാതെ
മേളം നിർത്തികൊണ്ടിടമാകെ

സുഖയുതയോഗം കാണികളിൽ പുരു-
സുഖമൊന്നേമേൽ ചെയ്തിടാവൂ.

ആയോധന നിരസംഘടിതം ചിര-
മായൊരു വിജയം ചേർന്നീടേണം

ആതുരബാന്ധവ ഭഗവാനെ തിരു-
പാദം താവകമിത തൊഴുന്നേനെ.

നിഷ്ഠുരനിഗ്രഹകാര്യത്തിങ്കൽ
പൊട്ടും പൊളിയും വന്നീടാതെ

പാലയ ധർമ്മസ്ഥിത നിയതംഗോ-
പാലക വിനയാശയ ജഗദീശ.

**കഥാപംക്തി**

# കൊടുങ്കാററ്

## ശാരദ

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു മാത്രം)

(തുടർച്ച)

X

രാമകൃഷ്ണന്റെ സർക്കീട്ടെല്ലാം കഴിഞ്ഞ് ശനിയാഴ്ച രാവിലെ മടങ്ങിയെത്തി. ഞായറാഴ്ച മാലതിയുടെ വിവാഹമായതിനാൽ വീട്ടിൽ പന്തൽപണിയുടെയും, സദ്യശ്രമത്തിന്റെയും മററും തിരക്കായിരിക്കുമെന്നാണ് രാമകൃഷ്ണന്റെ വിചാരമുണ്ടായിരുന്നത്. പടിക്കൽ എത്തിയപ്പോൾ ഈവക യാതൊന്നും വീട്ടിൽ നടക്കുന്നില്ലെന്ന് മനസ്സിലായി. പെട്ടെന്ന് വീട്ടിൽ വല്ലവൎക്കും സുഖക്കേടായിരിക്കുമോ എന്നുള്ള ശങ്ക രാമകൃഷ്ണന്റെ ഉള്ളിൽ കടന്നുകൂടി. പൂമുഖത്തേക്കു കയറിവന്നപ്പോൾ ഗോവിന്ദക്കുറുപ്പ് അവിടെ വർത്തമാനക്കടലാസ്സും വായിച്ചുകൊണ്ടിരിക്കുന്നു.

രാമകൃഷ്ണൻ : എന്താണ്, അച്ഛാ, മാലതിക്ക് വല്ല സുഖക്കേടും ആയി കിടപ്പാണോ ?

കുറുപ്പ് : യാതൊരു സുഖക്കേടും ഇല്ല.

രാമകൃഷ്ണൻ : പിന്നെ എന്താണ് വിവാഹത്തിന്റെ ഒരുക്കങ്ങളൊന്നും കാണാത്തത് ?

കുറുപ്പ് : വിവാഹം ഈ ഞായറാഴ്ച ഇല്ല. അടുത്ത ഞായറാഴ്ചയെ ഉള്ളുവെന്നാണ് മാധവൻ തീർച്ചയാക്കിയത്.

രാമകൃഷ്ണൻ : അങ്ങിനെ തീർച്ചയാക്കാനെന്തെ ?

കുറുപ്പ് : നീയ്യ് മാധവനോട് ചോദിക്ക്. നിന്റെ സ്നേഹിതനല്ലെ മാധവൻ.

രാമകൃഷ്ണൻ : ഞാൻ ഇവിടെ ഇല്ലെങ്കിൽ നിങ്ങളൊക്കെ സർവ്വ കാര്യങ്ങളും കുണ്ടിൽ ചാടിക്കുക പതിവാണ്. ആയാൾക്കെന്താണ് ഈ ഞായറാഴ്ച വിവാഹം നടത്തുവാൻ പ്രതിബന്ധം ? യാതൊരു പ്രാരബ്ധവും, കുഡുംബവും, ക്ലേശങ്ങളും ഒന്നും ഇല്ലാത്ത ഒരു മനുഷ്യൻ. അങ്ങിനെയുള്ളാൾക്ക് വിവാഹം നിർത്തിവെക്കത്തക്ക എന്തൊരടിയന്തരകാര്യമാണ് ഉണ്ടാകാനുള്ളത്. എന്തോ ആകട്ടെ; ഞാൻ അറിഞ്ഞുകൊള്ളാം. അടിയന്തരകാര്യമുണ്ടെന്ന് പറഞ്ഞ് പോയപ്പോൾ നിങ്ങളെല്ലാം മിണ്ടാതിരുന്നതിനാലാണ് എനിക്കത്ഭുതം.

കുറുപ്പ് : ആയാൾ എങ്ങോട്ടും ഓടിപ്പോയിട്ടില്ലല്ലൊ ? നിണക്ക് പോയി ചോദിച്ചുകൂടെ ?

രാമകൃഷ്ണൻ ഒരു കോപ്പ ചായയും കുടിച്ചു പുറപ്പെട്ടു.

കുറുപ്പ് : രാമകൃഷ്ണാ, നീ എങ്ങോട്ടാണ് ഓടിപ്പോകുന്നത് ? എന്തെങ്കിലും കഴിച്ചുവോ ?

ഈ പറഞ്ഞതൊന്നും കേൾക്കാൻ രാമകൃഷ്ണന്ന് ഇടയുണ്ടായില്ല. അപ്പോഴേക്കും ആയാൾ പടി കടന്നിരിക്കുന്നു. നേരെ മാധവന്റെ വീട്ടിൽ കയറി. മാധവാ, മാധവാ, എന്ന് വിളിച്ചുകൊണ്ട് വീടു മുഴുവൻ നടന്നു. ആരെയും കാണാതെ പുറത്തേക്കിറങ്ങുവാൻ തുടങ്ങുമ്പോൾ വാലിയക്കാരൻ പുറത്തു വന്നു.

വാലിയക്കാരൻ : ഏമാൻ ഇവിടെ ഇല്ല. ഏടക്കാണ് പോണ്ന് ഒകളോട് പറഞ്ഞിട്ടും ഇല്ല. നാല് ദീസ്ത്തെ കയിഞ്ഞിട്ടെ ബരുന്നുള്ള്ന്ന് പറഞ്ഞു. പെട്ടിയും ഉടുപ്പും കൊണ്ടോയിട്ട്ണ്ട്.

രാമകൃഷ്ണൻ സ്വഗൃഹത്തിലേക്കുതന്നെ മടങ്ങി.

കുറുപ്പ് : പോയിട്ടെന്തെ ? മാധവനെ കണ്ടുവോ ?

രാമകൃഷ്ണൻ : എന്താണച്ഛാ അതൊക്കെ ഇപ്പൊൾ പറഞ്ഞിട്ടു കാര്യം. മകളെ സംബന്ധം ചെയ്യാൻപോകുന്ന ഒരാളെപററി യാതൊരു വിവരവും അച്ഛനില്ലെന്നല്ലെ ഇതുകൊണ്ടെല്ലാം തെളിയുന്നത്. ആയാൾ എവിടെക്കാണ് പോകുന്നതെന്ന് ആയാളുടെ വാലിയക്കാരന്നും യാതൊരു വർത്തമാനവും ഇല്ല. ഇതിൽ എന്തോ ചില കളവുകളുണ്ടെന്ന് തീർച്ചയാണ്. സ്വന്ത കാര്യങ്ങളിൽ ഇത്ര തണുപ്പോടുകൂടി ഇരുന്നാൽ നന്നോ, അച്ഛാ ?

കുറുപ്പ് : നിയ്യെന്താണെടാ എന്നോട് പോരിന്ന് വരുന്നത് ? ഞാൻ വിചാരിച്ചാൽ ഇതിലെല്ലാം എന്ത് നിവൃത്തിയാണ് ?

കാര്യത്തിന്റെ ഗൌരവം നോക്കിയാൽ മാധവനെ വരച്ചവരയിൽ കാര്യങ്ങൾ തുറന്നു പറയിക്കുവാൻ കുറുപ്പിന്ന് അവകാശമുണ്ടായിരുന്നു. അങ്ങിനെയൊന്നും ചെയ്യാതെ മാധവന്റെ അടിയന്തര കാര്യത്തിൽ പൂർണ്ണമായി വിശ്വസിച്ച് വിട്ടയച്ചത് കുറുപ്പിന്റെ മര്യാദയുടെ ഒരു പരിപക്വതയായിരുന്നുവെന്നുള്ളത് സംശയമില്ല. പക്ഷെ, മാധവൻ ഒരു വഞ്ചന കുറുപ്പിനോട് കാട്ടിയെന്ന് പറവാനും നിവൃത്തിയില്ല. തനിക്ക് അടിയന്തരകാര്യമുണ്ടെന്ന് പറഞ്ഞാൽ, പറയേണ്ടേടത്തോളം പറഞ്ഞുവെന്നാണ് മാധവന്റെ പരിഷ്കരിച്ച മനസ്സിന്ന് തോന്നിയിരിക്കുന്നത്.

രാമകൃഷ്ണൻ : മാലതി എവിടെയാണ്, അച്ഛാ ?

കുറുപ്പ് : അവൾ നന്ന രാവിലെ ചായയും കഴിച്ച് മോളക്ക് പോയതാണ്. പിന്നെ ഇങ്ങോട്ട് വന്നിട്ടില്ല.

രാമകൃഷ്ണൻ : സാധു ; മാധവന്റെ പക്ഷമെത്തംകൊണ്ട് അവൾക്കു കുറവു തോന്നീട്ടായിരിക്കാം ഞാൻ വന്നിട്ടുണ്ടെന്നറിഞ്ഞിട്ടുകൂടി താഴത്തേക്കു വരാത്തത്.

എന്നും പറഞ്ഞു രാമകൃഷ്ണൻ മുകളിലേക്കു കയറിച്ചെന്നു. രാമകൃഷ്ണൻ വരുന്ന കാൽശബ്ദം കേട്ടു മാലതി ഒരു പുസ്തകവും എടുത്തു വായിക്കുന്നമട്ടിൽ എണീട്ടിരുന്നു. രാമകൃഷ്ണൻ മുറിതുറന്ന് അകത്തേക്കു കടന്നതും.

മാലതി : ഏട്ടനെപ്പളെ വന്ന് ? എന്താ വല്ല ദീനവും ഉണ്ടോ ? വല്ലാതെ പരോശമായിരിക്കുന്നുവല്ലോ.

രാമകൃഷ്ണൻ : ഞാൻ ഇവിടെവന്ന് കയറിയതിന്നുശേഷം പരോശമായതാണ്. എങ്ങിനെയാണ് പരോശമാകാതിരിക്കുക. മാലതീ, ഞാൻ കാര്യങ്ങളെല്ലാം അറിഞ്ഞു. നീയൊട്ടും വ്യസനിക്കേണ്ട. ഏട്ടൻ ഇവിടെ ഇല്ലാത്തതുകൊണ്ടാണ് ഈ തകരാറുകളെല്ലാം വന്നത്. ഇനി എല്ലാം വേഗം ശരിയാക്കിക്കളയാം. അതിരിക്കട്ടെ, മാധവൻ മാലതിയോട് ആയാളുടെ അടിയന്തര കാര്യമെന്താണെന്ന് പറഞ്ഞിട്ടുണ്ടോ ?

എന്താണ് സമാധാനം പറയേണ്ടതെന്ന് മാലതിക്കു സംശയമായി. യാതൊരു കാരണവും മാധവൻ പറകയുണ്ടായിട്ടില്ലെന്ന് പറഞ്ഞാൽ മററുള്ളവൎക്കു മാധവനെപ്പററിയുള്ള ശങ്കയെല്ലാം കുറെക്കൂടി ബലപ്പെടുന്നതായിരിക്കും. എന്നാൽ, ഒരു പച്ചനുണ പറയുവാൻ അവൾക്കു മടിയുമുണ്ട്.

മാലതി : മാധവന്റെ അടിയന്തരകാര്യങ്ങൾ എന്നോട് മുഴുവൻ പറഞ്ഞു ധരിപ്പിക്കാൻ പുറപ്പെട്ടു. പക്ഷെ, എനിക്കതാവിശ്യമില്ലെന്ന് പറയുകയാണുണ്ടായത്.

രാമകൃഷ്ണൻ : നോക്കൂ, പെണ്ണിന്റെ ഒരഭിമാനം ! ആട്ടെ, അതുകൊണ്ടൊന്നും നീ പരിഭ്രമിക്കേണ്ട. ഇന്ന് വൈകുന്നേരത്തിലകത്തു ഞാൻ മാധവനെക്കൊണ്ട് അതെല്ലാം പറയിക്കും.

മാലതി : (പുസ്തകം താഴത്തു വെച്ചുകൊണ്ടു) എനിക്കതിനെപ്പററി വല്ല പരിഭ്രമവും ഉണ്ടെങ്കിലല്ലെ ഏട്ടൻ അതിന്നെല്ലാം പുറപ്പെടേണ്ടു. ഏട്ടൻ ഈ സംഗതിയറിവാൻവേണ്ടി മാധവനെ ചെന്ന് വെറുപ്പിക്കരുതെ, കിട്ടോ.

രാമകൃഷ്ണൻ : അതാ, പിന്നേയും അഭിമാനം പുറപ്പെടുന്നു. നീ പേടിക്കേണ്ട, മാധവനോടു ഞാനൊന്നും ചോദിക്കുന്നില്ല. (എന്നും പറഞ്ഞു രാമകൃഷ്ണൻ പോകാനായിക്കൊണ്ടു എഴുനേററു.)

മാലതി : (രാമകൃഷ്ണന്റെ കൈകടന്ന് പിടിച്ചു) ഏട്ടൻ പോകുന്നതിന്ന് മുമ്പു സത്യം ചെയ്യണം, മാധവനോടു ഇതിനെപ്പററി യാതൊന്നും ചോദിക്കായില്ലെന്ന്. എനിക്കു മാധവനെ സംബന്ധിച്ചു ഒരു ശങ്കയും ഇല്ല.

ഇതു വെറും അഭിമാനംകൊണ്ടുള്ള സംസാരമല്ലെന്ന് രാമകൃഷ്ണന്ന് മനസ്സിലായി. എങ്കിലും സോദരിയോടുള്ള സ്നേഹംകൊണ്ടു ആയാൾക്കു ദ്വേഷ്യം വന്നില്ല. കഷ്ടം, ഈ സാധു പെണ്ണിന്ന് പുസ്തകങ്ങൾ വായിച്ചിട്ടുള്ള ചില വിശ്വാസങ്ങളുണ്ടെന്നല്ലാതെ, ലോകത്തിന്റെ കളവുകൾ മനസ്സിലാക്കുവാനുള്ള സാമർത്ഥ്യം തീരെയില്ലെന്ന് ആയാൾക്കു ഉള്ളിൽ തോന്നി. ഇവളുടെ നിഷ്കപടമായ സ്നേഹവും മാധവന്റെ കള്ളപ്പെരുമാററവും രാമകൃഷ്ണനെ വല്ലാതെ വലയിച്ചു. മാധവനെക്കൊണ്ടു അവന്റെ അടിയന്തരകാര്യങ്ങൾ പറയിക്കാതെ വിടുകയില്ലെന്നു ഉള്ളുകൊണ്ടുറച്ചു. താഴത്തേക്കു പോകാൻ പിന്നെയും പുറപ്പെട്ടു.

മാലതി : മാധവനോടു ഏട്ടൻ ഇതിനെപ്പററി ഒരക്ഷരം പറകയില്ലെന്ന് സത്യം ചെയ്യൂ ഞാൻ വിടുകയുള്ളു.

രാമകൃഷ്ണൻ : അങ്ങിനെയാകട്ടെ.

മാലതി ഇത്രത്തോളം നിബ്ബന്ധിച്ചതിൽനിന്ന് മാധവൻ എന്തൊക്കെയോ അവളോടു പറഞ്ഞിട്ടുണ്ടെന്ന് രാമകൃഷ്ണനു തോന്നിയെങ്കിലും, പറഞ്ഞിട്ടുള്ളതു് മുഴുവൻ ശരിയാകാൻ വഴിയില്ലെന്ന് തീൎച്ചയാക്കി. ഈ സാധുവിനെ പറഞ്ഞു മിരട്ടുവാനുണ്ടോ പ്രയാസം?

രാമകൃഷ്ണൻ: മാലതീ, നിന്നോടു മാധവൻ കാൎയ്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ടായിരിക്കാം. അങ്ങിനെയാണെങ്കിലും, നിന്റെ വിവാഹം കഴിയുന്നതുവരെ അവയെപ്പററി അറിവാൻ നിന്റെ രക്ഷിതാക്കന്മാരായ ഞങ്ങൾക്കും ഒരവകാശമുണ്ടു്; എന്നും പറഞ്ഞു് രാമകൃഷ്ണൻ താഴത്തേക്കു പോയി.

എന്തൊരു കഷ്ടമാണ്! മാലതിയും മാധവനും തമ്മിലുള്ള പ്രേമം; അവരെ മാത്രം ബന്ധിക്കുന്ന ഒരു വസ്തു; അതു വഴിയിൽ കെട്ടിത്തൂക്കിയ ഒരു ചെണ്ടപോലെയായി. കണ്ട കഴവെറികളെല്ലാം അതിന്മേൽ കൊട്ടുവാൻ തുടങ്ങുന്നു! ഇതിൽനിന്നുള്ള സങ്കടം സഹിക്കവയ്യാതെയായി. മാലതി പുറത്തേക്കിറങ്ങുന്നില്ല. യാതൊരാളെയും കാണുകയൊ, അവരോടു സംസാരിക്കുകയൊ ചെയ്യുന്നില്ല. രാവും പകലും അവളുടെ മുറിയിൽ കിടക്കുന്ന ഒരു കസാലയെ ആശ്രയിച്ചു കഴിയുന്നു.

രാമകൃഷ്ണൻ വീട്ടിൽനിന്നു പുറത്തേക്കിറങ്ങിയതും കുമാരനെ കണ്ടെത്തി.

കുമാരൻ: എന്താ മൂപ്പരെ, എപ്പളെവന്നതു്? കെട്ടില്ലെ വൎത്തമാനങ്ങളെല്ലാം? അവയെപ്പററി തനിക്കു തോന്നുന്നതെന്താണ്?

രാമകൃഷ്ണൻ: ഞാൻ എല്ലാം കേട്ടു. അതിനെപ്പററി ഞാൻ വിചാരിക്കുന്നതെന്തൊ ആയ്ക്കൊള്ളട്ടെ. ഞാൻ വിചാരിച്ചു് സമയം കഴിക്കുന്നവനല്ല. ഉടനെ അതിനെ സംബന്ധിച്ചു് ചിലതു പ്രവൎത്തിക്കേണമെന്നുള്ള അഭിപ്രായക്കാരാണ്.

കുമാരൻ: ഞാനും അത്തരക്കാരൻ തന്നെയാണ്. തനിക്കറിയില്ലെ? വിചാരിക്കുക, വേദാന്തം പറയുക, ശ്ലോകം ചൊല്ലുക, ഇതൊന്നും എനിക്കുപററിയ പണിയല്ല.

രാമകൃഷ്ണൻ: മാധവൻ ഇപ്പോൾ എവിടെയുണ്ടെന്നു തനിക്കറിയാമൊ?

കുമാരൻ: ഓഹോ, അറിയാം. പക്ഷെ ഞാൻ, പറയുകയില്ല. ഇന്ന് ഉച്ചതിരിഞ്ഞു് ആയാളെ അങ്ങട്ട് തനിക്കു കാട്ടിത്തരാം. എന്നാൽ പോരെ.

രാമകൃഷ്ണൻ: എന്തു് സ്വകാൎയ്യമാണെടൊ നിങ്ങൾക്കെല്ലാം ഇപ്പോൾ പഠിഞ്ഞിരിക്കുന്നതു്! തന്റെ സ്വകാൎയ്യമൊക്കെ എടുത്തു് കാററത്തിട്ടാട്ടെ. സ്വകാൎയ്യം വെച്ചിരിക്കുന്നു!

കുമാരൻ: തന്റെ തറവാട്ടിൽ പെരുമാറുമ്പോൾ അങ്ങിനെയല്ലാതെ നിവൃത്തിയില്ലെന്ന് വന്നിരിക്കുന്നു. തന്റെ അച്ഛനും മാലതിക്കും എന്നെ കാണുന്നതു് ധൂമകേതുവിനെ കാണുമ്പോലെയാണിപ്പോൾ. കാരണം മററൊന്നുമല്ല; ഞാൻ കാൎയ്യങ്ങൾ കുറെശ്ശ തുറന്നു പറയും. അവക്കത്ര ഇഷ്ടമില്ല. തന്നോടും കാൎയ്യങ്ങൾ തുറന്നു പറഞ്ഞാൽ തനിക്കും ക്രമേണ ഇഷ്ടമല്ലാതെവന്നേക്കാം. തനിക്കിഷ്ടക്കേടായാലൊ, എന്റെ എല്ലു വെള്ളമാക്കാനും താൻ മടിക്കില്ല. തന്റെ തല്ലുകൊള്ളാനൊന്നും ഉള്ള തടി കുമാരന്നില്ല.

രാമകൃഷ്ണൻ: കുമാരാ, ഇത്തരത്തിലുള്ള സംസാരമൊന്നും എനിക്കു പിടിക്കയില്ല. തന്റെ കയ്യിൽ എന്തൊ ഗൌരവമായ ചില വൎത്തമാനങ്ങൾ ഉണ്ടെന്ന് തീൎച്ചയാണ്. എന്താണെങ്കിലും പറയൂ.

കുമാരൻ: ആട്ടെ പറയാം. ആദ്യം മുതല്ക്കു പറയാം.

## XI

ഗോവിന്ദക്കുറുപ്പിന്റെ വീട്ടിന്നരികത്തുള്ള സ്ഥലത്തു താമസിക്കാൻ വരുന്നതിന്നുമുമ്പു മാധവൻ താമസിച്ചിരുന്നതു ചാലപ്പുറത്തായിരുന്നുവെല്ലൊ. സ്ഥലമാററം ചെയ്യുതിന്നുശേഷവും ചാലപ്പുറത്തുള്ള വീടു വിട്ടുകൊടുത്തിട്ടുണ്ടായിരുന്നില്ല. അവിടെ താമസമൊന്നുമില്ലെങ്കിലും മാധവൻ വാടക കൊടുത്തുവരികയായിരുന്നു. ഉൎവ്വശിശാപം ഉപകാരമെന്ന് പറഞ്ഞപോലെ ഈ വീടു കുറച്ചുകാലം മാധവനെ നഷ്ടപ്പെടുത്തിയതാണെങ്കിലും ഇപ്പോൾ അതുപകാരമായി. രാധ സ്കൂൾ പൂട്ടി മടങ്ങിവരുമ്പോൾ അവൾക്കു താമസിക്കുവാൻ ഒരു സ്ഥലം വേണ്ടെ? അതിനാൽ മാധവൻ ചാലപ്പുറത്തുള്ള തന്റെ സ്ഥലത്തു ചെന്ന് വീടു മുഴുവൻ അടിച്ചുവാരി തളിപ്പിച്ചു. കിടക്കുവാനുള്ള സാധനങ്ങളെല്ലാം പുതുതായി വാങ്ങി. അരി, കൂട്ടാൻ വെക്കാനുള്ള സാധനങ്ങൾ ഇവയും കുറെ ശേഖരിച്ചു.

ഈവക ഗൃഹചാരങ്ങളെല്ലാം നോക്കിക്കഴിഞ്ഞിട്ടും രാധ വന്നെത്തിയില്ല. അതിനാൽ രാധയെ കാത്തുകൊണ്ടു മാധവൻ പൂമുഖത്തു ഒരു കസേലയിൽ ചെന്ന് കിടന്നു. തന്റെ ഭാവിയിൽ എന്തെല്ലാമാണ് വരുവാൻ പോകുന്നതെന്നൊന്നും നിശ്ചയമില്ല. കോയമ്പത്തൂരിൽ പോയി പ്രാക്ടീസ്സു ചെയ്യാൻ തീൎച്ചയാക്കിട്ടുണ്ട്. മാധവന്ന് കോയമ്പത്തൂരിൽ യാതൊരു പരിചയവും ഇല്ല. എങ്കിലും തനിക്കുവേണ്ട ബങ്കളാവും അതിന്റെ പരിസരങ്ങളുമെല്ലാം ഇന്നവിധമാണ് വേണ്ടതെന്ന് മനസ്സുകൊണ്ടു നിൎണ്ണയിച്ചുവെച്ചിരിക്കുന്നു. ദിവസേന കച്ചേരിക്കു പോകുമ്പോൾ മാലതി തന്നെയല്ലെ ബങ്കളാവിൽ ഉണ്ടാവുകയുള്ളുവെന്നു വിചാരിച്ചപ്പോഴേക്കും മാധവന്ന് പരിഭ്രമമായി. പക്ഷെ, വേഗത്തിൽ ഈ പരിഭ്രമത്തിന്നു ശാന്തിയും കിട്ടി. എന്തിന്ന് പരിഭ്രമിക്കുന്നു? രാധകൂടെയുണ്ടാവില്ലെ? മാലതിക്കു ഒരു സഖിയായിട്ടു രാധയുംകൂടെയുണ്ടാകാനിടയുള്ളതിനാൽ, അവർ രണ്ടാളും സ്വസ്ഥമായിരിക്കുന്നവസരങ്ങളിലെല്ലാം അവനവന്റെ ജീവിത രഹസ്യങ്ങളെ അന്യോന്യം അറിയിച്ചു പൂൎവ്വാധികം ഐക്യം പ്രാപിപ്പാനിടയുണ്ടെന്ന് തോന്നിയതോടുകൂടി മാധവന്റെ മനം കുളുത്തു. രാധയാകട്ടെ, തന്റെ ദുഃഖങ്ങളെയെല്ലാം മറന്നു വിധിക്കനുസൃതമായ ജീവിതം ധൈൎയ്യസമേതം കൈക്കൊള്ളുകയും ചെയ്യും.

കുംഭമീനമാസം കാലത്തെ വെയിലിൽ വാടാത്ത വസ്തുക്കൾ വല്ലതുമുണ്ടോ? നട്ടുച്ചക്കു സൎവ്വജീവജാലങ്ങളും തളൎച്ചകൊണ്ടു ഓരോ തണലിന്റെ ചുവട്ടിൽ ചെന്നെത്തിയിരിക്കുന്നു. റോട്ടിൽകൂടി അനദ്ധ്യായമില്ലാതെ ഓടിക്കൊണ്ടിരിക്കുന്ന കുതിരവണ്ടികളുംകൂടി ഒന്നും ഓടുന്നില്ല. ഭാവിജീവിതചിത്രം മനസ്സിൽ എഴുതിക്കൊണ്ടിരിക്കുന്ന മാധവൻ ചിത്രത്തിൽ സുലഭമായി ചായം ഉപയോഗിച്ചുകൊണ്ടു നിശ്ചഞ്ചലചിത്തനായിത്തന്നെ സമയം കഴിച്ചുകൂട്ടി.

ഒരു കുതിരവണ്ടിയുടെ ശബ്ദം കേൾക്കുന്നു. മാധവന്റെ വീട്ടിന്റെ പടിക്കൽ വന്ന് നില്ക്കുകയും ചെയ്യുന്നു. വണ്ടി കണ്ടതും, അതു സ്കൂൾവണ്ടിയാണെന്ന് മാധവൻ മനസ്സിലാക്കി. രാധയുടെ വരവാണ്. എങ്ങിനെയാണ് രാധയെ സ്വീകരിക്കേണ്ടതു്? എന്തെല്ലാം വിഷയത്തെപററിയാണ് അവളോടു സംസാരിക്കേണ്ടതു്? ഇവയെല്ലാം മാധവനെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങളായിരുന്നു. വാലിയക്കാർ രണ്ടാളും പടിക്കൽ തന്നെപോയി നില്ക്കുന്നുണ്ടായിരുന്നു. അവർ രാധയുടെ പെട്ടിയും തൂക്കി പൂമുഖത്തുകൊണ്ടു വെച്ചു. രാധ അവരുടെ പിന്നാലെയും വന്നെത്തി. പൂമുഖത്തു വാതിൽവരെവന്ന് രാധയവിടെനിന്നു.

"അകത്തേക്കു വരു, രാധെ," എന്നു പറഞ്ഞു മാധവൻ തളത്തിലേക്കു കടന്നു. അല്പം ഒരു സങ്കോചം ഉണ്ടായിയെങ്കിലും, അതിനെ വകവെക്കാതെ രാധയും അകത്തേക്കുകടന്നു. മാധവൻ രാധയെ സ്കൂൾ പൂട്ടിയകാലത്തും സ്കൂളിൽ തന്നെ താമസിപ്പിക്കാനല്ലെ തീൎച്ചയാക്കിയിരുന്നതു്? ഇതു രാധയെ വളരെ ദുഃഖിപ്പിച്ച വിഷയമാണ്. ഈ ദുഃഖവും, വളരെ കാലം മാധവനിൽനിന്ന് പിരിഞ്ഞിട്ടുള്ള വിരഹദുഃഖവും രാധക്കു വളരെ പരിഭവം ജനിപ്പിച്ചു. അതിനാൽ അകത്തേക്കു കടന്നിട്ടും മാധവന്റെ മുഖത്തു നോക്കാതെ രാധ പുറത്തേക്കു നോക്കിക്കൊണ്ടു തന്നെ നിന്നു.

രാധ ഒരു നോട്ടത്തിന്ന് മാധവന്റെ ദൃഷ്ടിയിൽ വളരെ അപരിചിതമായ ഒരു വിഗ്രഹമായി തോന്നി. അല്പകാലം കൊണ്ടു് അവളിൽ വന്നമാററം അത്രത്തോളമായിരുന്നു. സ്കൂളിൽ കൊണ്ടുപോയി വിട്ടുന്നവസരത്തിൽ വെറും ഒരു ബാലവൃക്ഷമായിരുന്ന ഈ കുട്ടി ഇപ്പോൾ അതിവേഗത്തിൽ വളൎന്നു പുഷ്പിക്കുകയും പ്രസൂതവളൎച്ചക്കനുരൂപമായ വിധം അവളുടെ ഓരോ അവയവങ്ങളിലും യൌവനകാന്തി പ്രകാശിക്കുകയും ചെയ്യുന്നു. അവളുടെ നടത്തത്തിലും കൂടി കൌമാരതവിട്ടു് തരുണത്വം പ്രകാശിക്കുന്നു. യഥാൎത്ഥത്തിൽ മാധവൻ വിചാരിച്ചമാതിരിയുള്ള ഒരു കുട്ടിയെയല്ലാ രാധയിൽ കാണാനിടവന്നതു്. അല്പനേരം ഒന്നും പറയാതെ, ജനവാതില്ക്കൽ പുറത്തേക്കു നോക്കിക്കൊണ്ടു നില്ക്കുന്ന രാധയെ നോക്കിക്കൊണ്ടു തന്നെ മാധവൻ തന്റെ നയനങ്ങളെ കുളുൎപ്പിച്ചു.

"രാധെ, ഇരിക്കൂ" എന്നു മാധവൻ പറഞ്ഞപ്പോൾ രാധ ഒന്നും മിണ്ടാതെ ഒരു ബെഞ്ചിന്മേൽ ഇരുന്നു.

മാധവൻ: സ്കൂളിൽ എന്തെല്ലാമാണു വൎത്തമാനം?

രാധ: വിശേഷിച്ചൊന്നുമില്ല.

ഇനിയെന്താണ് രാധയോടു പറയേണ്ടതെന്നറിയാതെ മാധവൻ അല്പം വിഷമിച്ചു. അപ്പോഴാണ് ഒരു സംഗതി ഓൎമ്മവന്നതു്.

മാധവൻ: രാധയൊന്നും കഴിച്ചിട്ടില്ലെല്ലൊ. ഇവിടെ ഉണ്ണാൻ കാലായിരിക്കുന്നു. ഇലവെക്കാൻ പറയട്ടെ.

രാധ: എനിക്കൊന്നും ഇപ്പോൾ വേണ്ട. ഞാൻ സ്കൂളിൽനിന്ന് ഉൺ കഴിച്ചിരിക്കുന്നു.

മാധവൻ: ഒന്നും വേണ്ടെന്നാണൊ പറയുന്നതു്? എന്നാൽ കുറച്ചു ചായ കഴിക്കൂ. നല്ല ഒളോർമാങ്ങയും ഉണ്ടു്.

രാധ ഒന്നും പറയാതെ തനിക്കു യാതൊന്നും വേണ്ടെന്നു തലയാട്ടുക മാത്രം ചെയ്തു. അവൾ അവളുടെ പുസ്തകത്തിന്റെ ചിത്രങ്ങൾ നോക്കിയിരിക്കയാണ്. മാധവനാകട്ടെ, രാധയുടെ മുഖത്തേക്കു തന്നെ നോക്കിയിരിക്കയായിരുന്നു. നല്ല സൌന്ദൎയ്യമുള്ള ഒരു വസ്തുവിന്ന് ആകൎഷണം മാത്രമാണൊ ഒരു പ്രകൃതി? അല്ല; അതിന്റെ അരികത്തുള്ള വസ്തുക്കളെ കൂടി അതു സുന്ദരമാക്കി ചെയ്യുന്നു. അത്യുഷ്ണമായി പ്രകാശിക്കുന്ന വെയിലും, ഭൂമിയും, ആകാശവും, മന്ദമാരുതനും, എല്ലാം രാധയുടെ സൌന്ദൎയ്യമഹസ്സിൽ പങ്കെടുക്കുന്നു. അവളൊ, ഈ വക സംഗതികൾ യാതൊന്നും അറിയാതെ, പുസ്തകത്തിലെ ചിത്രങ്ങളും നോക്കിയിരിക്കുന്നു.

മാധവൻ അകത്തേക്കു പെട്ടെന്നെഴുന്നേററു പോയി ഒരു പാത്രം നിറച്ച് മാങ്ങയും, ഒരു പേനക്കത്തിയും എടുത്തു കൊണ്ടുവന്നു.

മാധവൻ : രാധക്കു ഒന്നും വേണ്ടെന്നല്ലെ പറഞ്ഞതു്? എനിക്കു വിശക്കുന്നു. ഞാൻ എന്തെങ്കിലും കുറച്ച് കഴിക്കട്ടെ.

ഇത്രയും പറഞ്ഞു മാധവൻ മാങ്ങ തോല് ചെത്തുവാൻ ആരംഭിച്ചു. മാധവനു വല്ലതും കഴിക്കാനുള്ള ബദ്ധപ്പാടും, പെൻസിൽ ചെത്തുന്ന പേനക്കത്തികൊണ്ടു മാങ്ങ പൂളുവാൻ വയ്യാതെ വിഷമിക്കുന്നതും കണ്ടു രാധ പൊട്ടിച്ചിരിച്ചു. ഏതുവിധമെങ്കിലും രാധക്കു മനസ്സിന്നാഹ്ലാദം വന്നുവെല്ലൊ എന്നു വിചാരിച്ചു മാധവനും മനം തണുത്തു.

മാധവൻ : എന്താ ഞാൻ മാങ്ങ പൂളുന്നതു കണ്ടു് ചിരിക്കയാണൊ? എന്നെക്കാൾ വൃത്തയായി രാധക്കു വൈക്കുമെങ്കിൽ അതൊന്ന് കാണട്ടെ.

രാധ : എനിക്കു വയ്യായ്കയൊന്നുമില്ല. പക്ഷെ ഈ പേനക്കത്തി കൊണ്ടു വയ്യ. നല്ല ഒരു പീശാങ്കത്തി തന്നാൽ ഞാൻ മാങ്ങ പൂണ്ടു തരാം,

വാലിയക്കാരൻ പിശാങ്കത്തി കൊണ്ടുവന്നു. രാധ മാങ്ങയെല്ലാം തോലു ചെത്തി ഒരു പിഞ്ഞാണത്തിൽ നിറച്ചു.

മാധവൻ : രാധ മാങ്ങ പൂണ്ടാൽ പോരാ; തിന്നുകയും വേണം.

രാധ ; എനിക്കു വേണ്ടാ.


മാധവൻ : എന്നാൽ ഞാനും തിന്നുകയില്ല.

രാധ : അങ്ങേക്കു വേണ്ടതു തിന്നോളു. ബാക്കിയുണ്ടെങ്കിൽ ഞാൻ തിന്നുകൊള്ളാം.

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ മാധവനു ഇടി വെട്ടിയപോലെയുള്ള ഒരനുഭവമാണുണ്ടായതു്. പുറത്തേക്കു നോക്കിയപ്പോൾ അവിടെ രണ്ടാളുകൾ നില്ക്കുന്നു. ഒന്നു കുമാരനും മറേറതു രാമകൃഷ്ണനും ആണ്. കുമാരനാണ് ആദ്യം സംസാരിച്ചതു്.

കുമാരൻ : മാധവൻ തന്നെ ഇവിടെയുണ്ടാവുളളുവെന്നുവെച്ചാണ് ഞങ്ങൾ വന്നതു്. രാമകൃഷ്ണാ, യാതൊരു മുന്നറിയിപ്പുമില്ലാതെ നാം ഇങ്ങിനെ വന്നതു് നന്നായില്ല നമുക്കു പടിക്ക് പുറത്തു പോയിനില്ക്കാം.

പിശാങ്കത്തി തന്നെത്താൻ രാധയുടെ കയ്യിൽനിന്നു താഴെ വീണു. കുമാരനും രാമകൃഷ്ണനും വഴിയടച്ചു വാതില്ക്കൽതന്നെ നിന്നുകൊണ്ടിരുന്നു. രാധ മുറിയിൽനിന്നെണീട്ട് അകത്തെ കോടിപ്പോകുന്നതുവരെ രാമകൃഷ്ണൻ അവളുടെ നേരെ കണ്ണിന്നു മയാട്ടാതെ നോക്കിക്കൊണ്ടു തന്നെ നിന്നു.



ബർമ്മയിലെ ഒരു നദിയിൽ ജാപ്പാൻ കപ്പൽ റ.എ.എഫ്. ആക്രമിച്ച് ബോംബേറുകൊണ്ടു കത്തിയെരിയുന്നു. അല്പദിവസത്തിനുശേഷം അതു് എല്ലും തോലുമായി കരക്കണഞ്ഞു കിടക്കുന്ന ചിത്രമാണ് മേലെ കാണുന്നതു്.

## നമ്മുടെ രക്ഷക്കുവേണ്ടി നാം ചെലവു ചുരുക്കുക

(കോലടിപ്പാട്ട്)

പെട്ടതാമടരിന്നി കെട്ടുപൊവതിന്നാണി-
കഷ്ടമാകവെജനം സഹിച്ചീടുന്നു—ധിന്തൈ.

പോകണം രണം മേലിലാകണം സുഖംപാരി-
ലാകെനാമിതിന്നായി പണി ചെയ്യേണം—ധിന്തൈ.

എത്രമേലങ്കം മന്നിലത്രകാലവും നമ്മി-
ലെത്രയും കടയുന്നറിയേണം നാം—ധിന്തൈ.

പാരമാം ചിലവുണ്ടിപ്പോരിന്നായതുകൊണ്ടി-
ക്കാലംനാം വ്യയമേറ്റം ചുരുക്കിടേണം—ധിന്തൈ.

ഏതുരീതിയിലുമാമോദപൂർവ്വകംഭാരം
വീതമീച്ചിലവിൽ നാം വഹിച്ചിടേണം—ധിന്തൈ

വെറുതെധനം സൂക്ഷിക്കരുതെ കഷ്ടമെന്നാൽ-
പഴതെ നമുക്കുള്ള മതിയും നൂനം—ധിന്തൈ.

ലോകക്ഷേമത്തെ നണ്ണിയോഗപ്രേമത്തോടൊന്നി-
ച്ചേക്കുക നമുക്കുള്ളതഴലൊട്ടങ്ങാൻ—ധിന്തൈ.

ധാന്യമാവശ്യമുള്ളതെന്യേ കൈവശം വെച്ചി-
ട്ടന്യരിലണയ്ക്കരുതണവും ദണ്ഡം—ധിന്തൈ.

ജന്മഭൂമിയിലേറെന്നിണ്ണയാമിവവേണം-
എന്നതിങ്ങൊരുനാളും മറക്കരുതെ—ധിന്തൈ.

സുഖലേശവുമേൽക്കാതവിടെ പാടുകൊള്ളും
കുഡുംബംപോലും വിട്ടിട്ടവരിലെല്ലാം—ധിന്തൈ.

മാരിപോൽ ശസ്ത്രയൂഥമരിസേനയിൽ പെയ്യും-
ബാലിശേതരസ്ഥിതരവരിലെല്ലാം—ധിന്തൈ.

ലവനം നിഷ്ഠുരമാം ജനതാനികരത്തിൽ
ഗോപനം സഹായമാക്കുന്നവരിലെല്ലാം—ധിന്തൈ.

പാതമേറ്റും വരുത്താതാദരോത്സുകർ നമ്മൾ
ലവനം ചുരുക്കിവേണ്ടതുകൾ പാടെ—ധിന്തൈ.

കങ്കടം ധരിക്കുവാനിംഗിതംക്രട്ടും വിധം
വിഘ്നസം വിചയം ചെയ്യുടനേകേണം—ധിന്തൈ.

അതിനായ് കാശൊരുക്കുന്നധ്വനാ പതിവതി-
നിതരാം വഴിക്കെങ്ങും പലക്കും നമ്മൾ—ധിന്തൈ.

അനർഘം കൊടുക്കണമവർക്കും സഹായം,
അനന്തം മഹിക്കതാണഭയമാനം—ധിന്തൈ.

ദീനബാന്ധവനീശ നൂന ഹീനമിതിനാ-
യാനതി ചെയ്യും നമ്മെ തുണച്ചിടട്ടെ.

---

## ജീവിച്ചിടുവാൻ സാധിക്കാവൂ

(കേക)

നിത്യവും കേൾക്കാവുന്നിതത്യന്തദയനീയം
മർത്ത്യരെ മൃത്യുവിഴുങ്ങീടുന്ന വൃത്താന്തങ്ങൾ

പട്ടിണികിടന്നിന്ത്യയൊട്ടുക്കു നശിക്കുവാ-
നൊട്ടടുത്തുപോയ്—കാലമൊട്ടാകെ മാറിപ്പോയി

ദുഷ്ടരാമരികൾതൻ ചേഷ്ടിതങ്ങളാലിന്നീ
വിഷ്ടപമസഹ്യമാം കഷ്ടതാനിമഗ്നമായ്

കേരളക്ഷമയ്ക്കിന്നീ പ്പോരിൻറഫലമോർത്താൽ
പാരമാശ്ചര്യംതന്നെയാരിലുമത് ഭൂതമാം.

അരികളധികമാ, ണെന്നാലും ജനാവലി-
ക്കുരിയില്ലായ്മതന്നെ വിപദാമടിസ്ഥാനം

സ്വാശ്രയപ്രബുദ്ധരായ്ത്തീരേണം നമുക്കിനി-
യാശ്രിതരായിക്കൂടാ തന്നെയൊന്നിനുമാർക്കും.

തൽക്കാരണത്താലുടനിക്കാലം തന്നെ പ്രദ-
ർശിക്കേണമസ്സൽ ഭക്ഷ്യോല്പാദനൌത്സുക്യാവേശം

എത്രയും ഫലപുഷ്ടമാകിയോരിദ്ധാത്രിയെ
യത്രയുമുപയോഗപ്പെടുത്തീടേണം നമ്മൾ.

ദുഷ്ടരാമരികളാലുച്ഛ്വസിക്കപ്പെട്ടീടും
മ്ലേച്ഛമാം വിഷവായു സ്പർശമേല്ക്കാത്തവണ്ണം

സ്വച്ഛമായ് വളർന്നീടും സസ്യജാലങ്ങളായ
പച്ചപ്പട്ടിനാലാച്ഛാദിപ്പിച്ചിടേണം ഭൂവം

വർഷത്തിൽ മുഴുവനും വർഷം വേനലെന്നിവ,
കർഷകന്മാരെ! ഭേദമെന്നിയെ പ്രവർത്തിപ്പിൻ.

നമുക്കു ജീവിപ്പാനായത്യാവശ്യമായവ
നമുക്കുതന്നെയുണ്ടാക്കീടുവാൻ യതിക്കേണം.

കാല്ലൂറ, ബ്ട്ടസ്സിവ ചാലവെയുപേക്ഷിച്ചി-
ക്കാലമിങ്ങിറങ്ങുവിനൊന്നായി പാടങ്ങളിൽ

വേനലാണിപ്പോൾ വെള്ളമില്ലെന്നമൂലം കൃഷി-
യ്ക്കൂനംവന്നിടുമെന്നു മാസനെ കരുതായ്ക,

ഉള്ളതാം വാപീകൂപനദികൾ തന്നിൽനിന്നു
ഭള്ളൊഴിഞ്ഞെല്ലാവരും വെള്ളം തേവിയേററുവിൻ.

കൊള്ള ചെയ്യുവാൻ, നമ്മെ, യുള്ളിലാഗ്രഹിച്ചെത്തും
കള്ളരാം ജാപ്പാൻകാരാൽ തള്ളിവീഴ്ത്തപ്പെട്ടീടും

ബോംബുകളശേഷവു മിസ്ഥലങ്ങളിലുള്ളോ-
രംബുവിൽ പതിച്ചു നിഷ്ഫലങ്ങളായീടട്ടേ.

കരിക്കട്ടയായ്ത്തീരുമായതും കൃഷിക്കുപ-
കരിക്കും നമ്മൾ, കുവക്കിരിക്കും പശ്ചാത്താപം.

ഏതൊരു നിലയിലും ഭാരതീയരാം നമ്മൾ
ജാതമോദേന ഭക്ഷ്യോല്പാദന വിഷയത്തിൽ

എത്രയും ശ്രദ്ധിക്കേണ, മിത്രനാളത്തെപ്പോലി-
ങ്ങത്രമേൽ കഴിവാനായ് വഴിയില്ലെന്നോർക്കണേ.

എല്ലാരുമാവുംവണ്ണം കർഷകപ്രവൃത്തിയെ
നല്ലപോൽ തുടർന്നുടൻ സ്വാശ്രയരായ്ത്തീരുവിൻ.

ജന്മിയും കുടിയാനും; വിപ്രനും പറയനും
മമ്മതും, ഗോവിന്ദനും, ഫ്രാൻസിസ്സുമെല്ലാവരും

ഒന്നിച്ചു, ജാതിമതസ്ഥാനമാനഭേദങ്ങ-
ളൊന്നുമേ നിനയാതെ യിറങ്ങിപ്രവർത്തിപ്പിൻ.

എന്നിരുന്നാലേ നമുക്കിന്നിമേൽ മുന്നേപ്പോലെ
മന്നിടം തന്നിൽ ജീവിച്ചീടുവാൻ സാധിക്കാവൂ.

# 5,000 ക. ഇനാം

## ശത്രു ഏജൻറമാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീടു ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാർക്ക ബോദ്ധ്യമാംവണ്ണം തെളിയിക്കുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവർമ്മെണ്ടു ഇനാം കൊടുക്കുന്നതാണ്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണ്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു് സംബന്ധിച്ച്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്ക് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്നു് പാരക്കൂട്ട് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവർത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാർഗ്ഗമായൊ സമീപസ്ഥലത്തു് നടക്കുന്നുണ്ടെന്നു് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സ് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സ് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സ് സ്റ്റേഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സ് സ്റ്റേഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സ് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സ് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ട് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ കാണിച്ച്, തേച്ച് ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടർക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണ്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാർജ്ജുള്ള മജിസ്ത്രേട്ട്, വിചാരണ നടന്ന കോടതിയുടെ ശിപാർശികളനുസരിച്ച്, സാധാരണമായി ഇനാം കൊടുക്കുന്നതാണ്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാർത്ഥവുമാണെന്നതിന്നനുസരിച്ച് കണക്കാക്കുന്നതുമാണ്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവർമ്മെണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂർവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാർക്കൊ ഗസററഡ് ഗവർമ്മെണ്ടു് ഉദ്യോഗസ്ഥന്മാർക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാർട്ടുമെണ്ടുകളിലുള്ള നോൺ-ഗസററഡ് ഗവർമ്മെണ്ടു് ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അർഹരാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.